# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 32 THE ONLINE OFFICIAL NEWS BULLETIN 2023 August 12


## SEASON OF TRANSFIGURATION | തേജസ്കരണകാലം | ܥܕܢܐ ܕܓܠܝܢܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 13 1st Sunday after the Feast of Transfiguration ♪7 | 14 Comme. of Prophet Micah ♪3 | 15 ✠ Shunoyo Feast of the Dormition of St. Mary 108th Memorial of Patriarch Mar Ignatios Abded Meshiha (Kurkuma Dayara) ♪7 | 16 330th Memorial of Mar Ivanios Hidayathulla (Mulamthuruthi) ♪3 | 17 ♪7 | 18 ♪3 | 19 ✠ Comme. of Apostle Mar Labi 32nd Memorial of Joseph Mar Pachomios (Mulakkulam, Karmelkunnu) ♪7 |



മാവേലിക്കര മെത്രാസനത്തിന്റെ കാതോലിക്കാ ദിന പിരിവിന്റെ സമാഹരണ യോഗം ആഗസ്റ്റ് 11 വെള്ളിയാഴ്ച മാവേലിക്കര തെയോ ഭവൻ അരമനയിൽ നടന്നു. പ. കാതോലിക്കാ ബാവാ, എബ്രഹാം മാർ എപ്പിഫാനിയോസ്, സഭയുടെ ഫിനാൻസ് കമ്മിറ്റി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ്, സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മെത്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ എന്നിവർ യോഗത്തിൽ സംസാരിച്ചു.



അസീറിയൻ സഭയുടെ അന്താരാഷ്ട്ര യുവജന സമ്മേളനത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പങ്കെടുത്തു.



വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെയും ശൂനോയോ നോമ്പാചരണത്തിന്റെയും ഭാഗമായി പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ വി. കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.



തിരുവനന്തപുരം ഭദ്രാസന മാർത്ത മറിയം സമാജം നേതൃസംഗമം ആയുർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു.



MGOCSM ജനറൽ അസംബ്ലിയും നേതൃസംഗമവും ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്തു.





ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസന ധ്യാനം 2023 ഓഗസ്റ്റ് 11-നു പന്തളം കുരമ്പാല സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് നടന്നു. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. ഡോ. ബിജേഷ് ഫിലിപ്പ് ധ്യാനം നയിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം

# തിരുവെഴുത്തുകളുടെ ഐക്യം: സഭയുടെ ആധികാരിക പാരമ്പര്യം - 06



ഡോ. തോമസ് മാർ അത്താനാസിയോസ്



പഴയനിയമത്തിൽ ദൈവത്തെ പറ്റി പരാമർശിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഏൽ / എലോഹിം , യാഹ് വെ / യഹോവ എന്നീ പദങ്ങൾ പുതിയനിയമത്തിൽ തുടർന്നും നിലനിൽക്കുന്നു എന്ന കാര്യം മുൻ ലക്കത്തിൽ വ്യക്തമാക്കുകയുണ്ടായി. അതുകൊണ്ട് ദൈവനാമങ്ങളുടെ പ്രയോഗത്തിൽ തുടർച്ചയില്ല എന്നതിന്റെ പേരിൽ വെളിപാടിന്റെയും തിരുവെഴുത്തുകളുടെയും ചേർച്ചയും ഐക്യവും നിഷേധിക്കാനാവില്ല എന്നതും തെളിഞ്ഞു. എന്നാൽ പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ദൈവസങ്കല്പങ്ങൾ പരസ്പര വിരുദ്ധമാണ് എന്നും പുതിയനിയമത്തിൽ ദൈവിക ആളത്തങ്ങളെ പറ്റി പരാമർശിക്കുവാൻ ഉപയോഗപ്പെടുത്തുന്ന സംജ്ഞകൾ പഴയനിയമത്തിൽ ഇല്ല എന്നും അതിന്റെയടിസ്ഥാനത്തിൽ പഴയനിയമവും പുതിയനിയമവും സ്വതന്ത്ര വെളിപാടുകളാണ് എന്ന വാദം നിലനിൽക്കുന്നു.

പുതിയനിയമ പ്രകാരവും ക്രൈസ്തവ സഭയുടെ വിശ്വാസപ്രകാരവും ദൈവം മൂന്ന് ആളത്തങ്ങളുടെ കൂട്ടായ്മയാണ് (triard). എന്നാൽ പഴയനിയമ ദൈവം ഒറ്റ ആളത്ത സ്വരൂപം (monad) ആണ്. പുതിയനിയമ ദൈവ ആളത്തങ്ങൾ - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - എന്നിവയാണ്. ഈ ആളത്തങ്ങളുടെ പേരിൽ ദൈവം പഴയനിയമത്തിൽ അറിയപ്പെടുന്നില്ലാത്തതുകൊണ്ട് പുതിയനിയമത്തിലുള്ളത് പഴയനിയമത്തിൽ നിന്ന് വ്യത്യസ്ത ദൈവസ്വരൂപവും പുതിയ ദൈവ ആളത്തങ്ങളുമാണ്. ആ സാഹചര്യത്തിൽ പുതിയനിയമ വെളിപാടിന് പഴയനിയമത്തോട് യാതൊരു ബന്ധവും ഇല്ല. ഈ വാദത്തിന് എന്തെങ്കിലും കഴമ്പുണ്ടോ എന്നതാണ് തുടർഭാഗത്തിലെ അന്വേഷണം .

ക്രൈസ്തവ ചിന്തയിൽ ദൈവസ്വരൂപത്തെ മനസ്സിലാക്കുന്നത് ത്രിത്വമായിട്ടാണ് (Trinity). ഈ പദം പുതിയനിയമത്തിൽ ഇല്ല . ആദ്യമായി പ്രത്യക്ഷപ്പെടുന്നത് അന്ത്യോഖ്യയിലെ തെയോഫിലോസിന്റെ Apologia Ad Autolycum എന്ന രചനയിലാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്തങ്ങളുടെ കൂട്ടായ്മയായിട്ടാണ് ദൈവത്തെ മനസ്സിലാക്കുന്നത്. തുടർ നാളുകളിൽ ഇത് ഏക സാരാംശം (ousia) ഉള്ള മൂന്ന് ആളത്തങ്ങളുടെ (hypostases) സംയുക്തമായി വിശദീകരണം സഭയിൽ നിന്നുണ്ടായി . ഈ വിശ്വാസത്തിന്റെ സാദ്ധ്യത പുതിയനിയമത്തിൽ അന്വേഷിച്ച് കണ്ടെത്താവുന്നതാണ്. വി. മത്തായിയുടെ സുവിശേഷപ്രകാരം (മത്താ. 28:19) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് ക്രിസ്തു സ്നാനനിയോഗം നൽകുന്നത് . ഇത് ക്രിസ്തു തന്നെ പറഞ്ഞതാണോ അതോ ആദിമ ക്രിസ്തീയസഭയിൽ സ്നാനത്തിനായി രൂപപ്പെട്ട ഫോർമുലയാണോ എന്നതു സംബന്ധിച്ച് സംശയം നിലനിൽക്കുന്നു. അപ്പോസ്തോല പ്രവൃത്തികൾ 2:38 പ്രകാരം ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവാനാണ് പെന്തക്കോസ്തി ദിവസം പത്രോസ് ആവശ്യപ്പെടുന്നത്. ഏതായാലും മത്തായിയുടെ സുവിശേഷം എഴുതപ്പെട്ട കാലത്ത് ത്രിത്വ നാമത്തിൽ മാമോദീസ നൽകുന്ന രീതി സഭയിൽ അംഗീകാരം നേടിയിരുന്നതായി നിഗമനത്തിൽ എത്താം. ഈ മൂന്ന് ആളത്തങ്ങളെയും തുല്യനിലയിലുള്ള വ്യക്തിത്വങ്ങളായിട്ടാണ് മത്തായിയുടെ സുവിശേഷത്തിലെ സ്നാനനിയോഗ കല്പനയിൽ അവതരിപ്പിച്ചിരിക്കുന്നത് .

ഈ പേരുകൾ എങ്ങനെ ദൈവനാമങ്ങളായി സ്വീകാര്യത നേടി എന്ന് അന്വേഷിക്കാം. ഇതിൽ പിതാവ്, പുത്രൻ എന്നീ പേരുകളിൽ ദൈവം പഴയനിയമത്തിൽ അംഗീകാരം നേടിയിരുന്നില്ല. ദൈവത്തെ പിതാവ് എന്ന നിലയിൽ ആദ്യമായി പരിചയപ്പെടുത്തുന്നത് ക്രിസ്തുവാണ്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിൽ ദൈവത്തെ പിതാവ് എന്നാണ് അഭിസംബോധന ചെയ്യുന്നത്. അല്ലെങ്കിൽ പിതാവിനെ മാത്രം അഭിസംബോധന ചെയ്താണ് പ്രാർത്ഥന ആരംഭിക്കുന്നത് (മത്താ. 6:9; ലൂക്കോ. 11:24). കൂടാതെ അപ്പോസ്തലനായ പൗലോസ് തന്റെ പല ലേഖനങ്ങളിലും ദൈവത്തെ പിതാവ് എന്ന നിലയിലാണ് (God the Father ഗലാത്യ 1:1; എഫേ. 1:2 ; ഫിലിപ്യ 1:2 പരാമർശിക്കുന്നത്.

ക്രിസ്തു ദൈവത്തെ മിക്കപ്പോഴും അഭിസംബോധന ചെയ്യുന്നത് പിതാവ് എന്നാണ്. അത് ദൈവത്തിന്റെ പേരായതുകൊണ്ടല്ല ; ക്രിസ്തു ദൈവത്തിന്റെ പുത്രനായതുകൊണ്ടാണ് (യോഹ. 1:18). ക്രിസ്തു ദൈവത്തെ തന്റെ പിതാവായിട്ടാണ് അവതരിപ്പിക്കുന്നത് (മത്താ 10:32; 7:21; 10:33; 11:2; 15:13; 18:35; 10:23; 26:39; യോഹ. 1:34). ദൈവം തന്റെ പിതാവും യഹൂദന്മാരുടെ ദൈവവും എന്ന് ക്രിസ്തു പറയുമ്പോൾ ദൈവവുമായി തനിക്കും മനുഷ്യർക്കും ഉള്ള ബന്ധവ്യത്യാസമാണ് അടയാളപ്പെടുത്തുന്നത് . ക്രിസ്തുവും പിതാവും തമ്മിലുള്ള പിതൃ-പുത്രബന്ധം വ്യക്തിപരവും സ്വാഭാവികവുമാണ് . ദൈവവുമായി പുത്രനുള്ള പുത്രാവബോധ (filial consciounsess) ത്തിന്റെയടിസ്ഥാനത്തിൽ ദൈവത്തെ സ്വാഭാവികമായി പിതാവ് എന്ന് വിളിക്കുന്നു . പിതാവ് എന്ന് ക്രിസ്തു ദൈവത്തെ വിളിക്കുന്നത് ദൈവ നാമമായതുകൊണ്ടല്ല തന്റെ പിതാവ് ആയതുകൊണ്ടാണ് എന്ന് മനസ്സിലാക്കണം.

ക്രിസ്തുപുത്രൻ എന്നറിയപ്പെടുന്നത് അത് ക്രിസ്തുവിന്റെ പേരായതുകൊണ്ടല്ല; ദൈവത്തിന്റെ പുത്രനായതുകൊണ്ടാണ്. ഈ പുത്രത്വമാകട്ടെ ക്രിസ്തുവിന്റെ അവകാശ (claim) അടിസ്ഥാനത്തിലല്ല; ക്രിസ്തുവിനെ തന്റെ പുത്രനായി ദൈവം അംഗീകരിക്കുന്നതു കൊണ്ടാണ്. അക്കാര്യം തിരുവചനം സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ മാമോദിസായുടെ സമയത്തും (മത്താ. 3:17; മർക്കോ. 1:9; ലൂക്കോ. 3:21; യോഹ 1:29 -31) മറുരൂപ സമയത്തും (മർക്കൊ. 9:7; മത്താ. 17:5) ഇവൻ എന്റെ പ്രിയപുത്രൻ എന്നാണ് പിതാവ് പറയുന്നത്. ഇവന്റെ പേര് പുത്രൻ ആകുന്നുവെന്നല്ല . ഇവിടെ പുത്രൻ എന്നത് ക്രിസ്തുവിന്റെ പേരല്ല. പിതാവിന് ക്രിസ്തുവിനോടുള്ള ബന്ധമാണ് വ്യക്തമാകുന്നത്. ദൈവത്തിന്റെ പുത്രൻ എന്ന നിലയിൽ പിതാവുമായ ബന്ധസൂചക സംജ്ഞയാണ് പുത്രൻ എന്നത്. അതുപോലെ ക്രിസ്തുവിന്റെ പിതാവായതുകൊണ്ട് കർത്താവ് ദൈവത്തെ വിളിക്കുന്ന സംബോധനാ രൂപമാണ് പിതാവ് എന്നത്. അതായത് പിതാവ്, പുത്രൻ എന്നിവ അവരുടെ വ്യക്തിനാമങ്ങൾ അല്ല; അവർ തമ്മിലുള്ള ബന്ധസൂചകമായ പരസ്പര സംബോധനാ രൂപങ്ങളാണ് .

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അതുകൊണ്ട് പുത്രന്റെ മനുഷ്യാവതാരത്തിനു മുമ്പ് പഴയനിയമത്തിൽ ഈ പേരുകൾ വരാതിരുന്നത് തികച്ചും സ്വാഭാവികമാണ്. ക്രിസ്തുവിന്റെ വരവോടെ വെളിപാട് ചരിത്രത്തിൽ അറിവായ നാമങ്ങളാണ് പിതാവ്, പുത്രൻ എന്നിവ. ഈ നാമങ്ങൾ പഴയനിയമത്തിൽ അജ്ഞാതമായിരുന്നു എന്നല്ലാതെ പഴയ നിയമ നാമങ്ങൾക്ക് വിരുദ്ധമല്ല.

ദൈവം നമ്മുടെ പിതാവായതുകൊണ്ട് നാം ആ പേരിൽ ദൈവത്തെ അഭി സംബോധന ചെയ്യുന്നു. എന്നാൽ ക്രിസ്തു നമ്മുടെ പുത്രനല്ല; ദൈവത്തിന്റെ പുത്രനാണ്. അതുകൊണ്ട് പിതാവിന്റെ പേരിനോട് ചേർത്തു മാത്രമാണ് ക്രിസ്തുവിനെ പുത്രൻ എന്ന് വിളിക്കുന്നുള്ളൂ. പുത്രനെ തനിയെ അഭിസം ബോധന ചെയ്യേണ്ടി വരുമ്പോൾ നാം ദൈവപുത്രൻ, ക്രിസ്തു, കർത്താവ്, രക്ഷകൻ എന്നീ പേരുകൾ ഉപയോഗപ്പെടുത്തുന്നു. പിതാവുമായുള്ള ബന്ധ ത്തിൽ പിതാവിനോടൊപ്പം വിളിക്കുമ്പോൾ മാത്രമാണ് പുത്രൻ എന്ന നാമം വിശേഷണം കൂടാതെ ഉപയോഗിക്കുന്നുള്ളൂ . കാരണം പുത്രൻ എന്നത് വ്യക്തി നാമമല്ല. പിതാവിന്റെ പുത്രനായതുകൊണ്ട് നാം ഉപയോഗിക്കുന്ന വിശേഷണ നാമമാണ് .

വീണ്ടും, മനുഷ്യന് എങ്ങനെ ദൈവത്തെ പിതാവ് എന്ന് വിളിക്കാൻ അനു വാദം കിട്ടി എന്നതും അന്വേഷിക്കേണ്ടിയിരിക്കുന്നു. പുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ അവൻ ദൈവപുത്രൻ എന്നതുപോലെ മനുഷ്യപുത്രനുമായി. അതോടെ മനുഷ്യരുടെ ക്രിസ്തുബന്ധത്തിൻ പ്രകാരം പ്രത്യേക തലത്തിൽ ദൈവം എല്ലാവരുടെയും പിതാവായി. അങ്ങനെ ക്രിസ്തുബന്ധത്തിൽ മനുഷ്യ പുത്രനോടൊപ്പം നാമും ദൈവമക്കളായിത്തീർന്നു . ദൈവം നമ്മുടെ പിതാവുമാ യിത്തീർന്നു. പഴയനിയമത്തിൽ ദൈവത്തെ പിതാവ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് മനുഷ്യാവതാരത്തോടു ചേർന്നുവരുന്ന പ്രവചനമായി മനസ്സിലാക്കേണ്ട താണ് . ഈ സ്ഥാനം ലഭിച്ചത് സ്വാഭാവികമായിട്ടായിരുന്നില്ല, ദൈവകൃപയാൽ ആയിരുന്നു (യോഹ. 1:12). മനുഷ്യാവതാരത്തോടെ ക്രിസ്തു മുഖാന്തിരം നമുക്കും ക്രിസ്തുവിനെപ്പോലെ പിതാവ് എന്ന് വിളിക്കാൻ അവകാശം കിട്ടി. അത് ദൈവത്തിന്റെ പേര് അങ്ങനെ ആയതുകൊണ്ടല്ല പ്രത്യുത നാം ദൈവ മക്കളായി എന്നതുകൊണ്ടാണ്.

ദൈവം - പിതാവ് , പുത്രൻ എന്ന ദൈവാളത്ത സംജ്ഞകളോടെ - സുവി ശേഷങ്ങളിലും ഇതര പുതിയനിയമ രചനകളിലും കണ്ടെത്തുന്ന മൂന്നാമത്തെ ദൈവിക ആളത്തമാണ് പരിശുദ്ധാത്മാവ്. ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച് ദൂതന്റെ അറിയിപ്പ് (മത്താ. 1:18; ലൂക്കോ. 1:15), സ്നാനം (മർക്കോ. 1:9-11; യോഹ 1:29-34), മരുഭൂമിയിലെ പരീക്ഷ (മർക്കോ. 1:12; മത്താ 4:1) എന്നിവിടങ്ങളിൽ പരിശുദ്ധാത്മാവിനെപ്പറ്റി പരാമർശങ്ങൾ ഉണ്ട്. യോഹന്നാന്റെ സുവിശേഷ ത്തിൽ 'സത്യത്തിന്റെ ആത്മാവ്' എന്ന പേരിലും അറിയപ്പെടുന്നു. ഇവിടെ മൂന്നാമത്തെ ആളത്തത്തിന്റെ പേരും വ്യക്തിനാമം അല്ല. 'സത്യം , പരിശു ദ്ധൻ' എന്നതെല്ലാം ദൈവം / പിതാവ് എന്നീ പദങ്ങളുടെ പര്യായമാണ്. ദൈവ വുമായുള്ള ബന്ധത്തിന്റെ സൂചനയാണ് ഇവിടെയും. കൂടാതെ യോഹന്നാന്റെ സുവിശേഷത്തിൽ പിതാവിൽ നിന്ന് പുറപ്പെടുന്ന ആത്മാവായിട്ടാണ് പരിശു ദ്ധാത്മാവിനെ അവതരിപ്പിക്കുന്നത്. അവൻ പഠിപ്പിക്കും (യോഹന്നാൻ 14: 26), ഓർമ്മപ്പെടുത്തും (14:26), വഴി നടത്തും (16:13), പ്രവചിക്കും (16:13) , ലോകത്തെ വിധിക്കും (16:8, 9). ഇവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി യാണ് (operation) പറയുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈ പേര് കൂടാതെ ക്രിസ്തു 'പാറക്കലീത്ത' എന്ന പേരും പരിശുദ്ധാത്മാവിനെ കുറി ക്കുവാൻ ഉപയോഗിക്കുന്നു. പാറക്കലീത്ത എന്നത് പരിശുദ്ധ റൂഹായുടെ മാത്രം പേരല്ല .ക്രിസ്തുവിന്റെ കൂടെ നാമമാണ് (യോഹ. 14:16). ഇവിടെ മറ്റൊരു പാറക്കലീത്തയെ അയക്കുമെന്നാണ് പറയുന്നത്. ആ പദത്തിന്റെ ശരിയായ അർത്ഥം അഭിഭാഷകൻ എന്നാണ്. അതായത് ആദിമസഭയ്ക്ക് നിയമപരമായി സംരക്ഷണത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അഡ്വക്കേറ്റ് എന്നർത്ഥം. ഈ വ്യത്യസ്ത പദങ്ങളെല്ലാം മൂന്നാം ആളത്തത്തിന്റെ ദൈവബന്ധം, പുറപ്പെടൽ, പ്രവർത്തനം (operation) തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട പേരുക ളാണ്. മൂന്നാം ദൈവാളത്തത്തിന്റെ വ്യക്തിനാമങ്ങൾ അല്ല. വചനം (യോഹ. 1:1), കർത്താവ് (യോഹ. 13:13), ഗുരു (യോഹ 13:13), ഇടയൻ (യോഹ. 10:14) തുടങ്ങിയ ക്രിസ്തുവിന്റെ മറ്റു നാമങ്ങൾ പോലെ തന്നെ ഈ നാമങ്ങൾ പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി - ബന്ധങ്ങൾ സൂചിപ്പിക്കുന്ന പദങ്ങളായതുകൊണ്ട് പുതിയനിയമത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്നു. എന്നി രിക്കിലും പരിശുദ്ധാത്മാവ് ദൈവസാന്നിദ്ധ്യം ശക്തി എന്ന നിലയ്ക്കല്ല വ്യക്തി എന്ന നിലയ്ക്കാണ് വെളിപ്പെടുത്തുന്നത്. പരിശുദ്ധാത്മാവിനെപ്പറ്റി ഉപ യോഗിക്കുന്ന സർവ്വനാമം (pronoun) 'അത്' എന്നല്ല ekeinos അഥവാ 'അവൻ' എന്നാണ്. ഇത് ഏകവചന പുല്ലിംഗ (masculine singular) മാണ് (യോഹ. 14: 17; 14:26; 16:13; 16:8, 9).

പുതിയനിയമത്തിൽ മൂന്ന് ആളത്തങ്ങളുടെ കൂട്ടായ്മയായി ദൈവത്തെ മനസ്സിലാക്കുന്നു. ഇതിൽ പിതാവ് എന്ന പദം ദൈവം എന്ന പദത്തിന് തത്തു ല്യമായി ഉപയോഗപ്പെടുത്തുന്നു. പുത്രൻ ( വചനം , കർത്താവ് ) , ദൈവത്തിന്റെ പുത്രനായ ദൈവം തന്നെ (മത്താ. 7:21; 10:32; യോഹ. 1:1, 8; മത്താ. 11:27; യോഹ 20:28). പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെടുന്നവനാകയാൽ ദൈവം തന്നെ. ത്രിത്വ സ്വരൂപവും ആളത്ത നാമങ്ങളും ഈ തരത്തിലാണ് പുതിയനിയമത്തിൽ വെളിപ്പെട്ടിരിക്കുന്നത്. പഴയനിയമ വെളിപാടിൽ നിന്ന് കൂടുതൽ വ്യക്തവും പുരോഗമനാത്മകവുമായ വെളിപാടാണ് (clear and progressive revelation) ഇത്. അത് മനുഷ്യാവതാരത്തോടെ മാത്രം വെളിപ്പെട്ട താണ്. അതുകൊണ്ട് ഇത് അതേപടി പഴയനിയമത്തിൽ കണ്ടെത്താനാകണം എന്ന് ശഠിക്കാനാവില്ല. എങ്കിലും ഇതുമായി പൊരുത്തപ്പെടുന്ന ഒരു ദൈവ സങ്കല്പം പഴയനിയമത്തിൽ കണ്ടെത്താനാകുമോ എന്ന അന്വേഷണം തുട ർന്ന് നടത്താവുന്നതാണ് .

(തുടരും)




**റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അലക് സിയോസ് മാർ തേവോദോസിയോസ്, യൂഹാനോൻ മാർ അത്താനാസി യോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുനാൾ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വ ത്തിൽ നടത്തപ്പെട്ടു. കുര്യാക്കോസ് മാർ ക്ലിമ്മീസ്, മാത്യൂസ് മാർ തേവോദോ സിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, സഖറിയാ മാർ സേവേറിയോസ് എന്നി പിതാക്കന്മാർ സഹകാർമികരായിരുന്നു. സഭാ വൈദികട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ അനുസ്മരണ സന്ദേശം നൽകി.**




**തിരുവനന്തപുരം മർത്തമറിയം സമാജം സോഷ്യൽ സർവീസ് സൊസൈ റ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന മരിയൻ പ്ലേ ഹോം സ്പെഷ്യൽ സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണ സഹായനിധിയിലേക്ക് ഒരു ലക്ഷം രൂപയുടെ ചെക്ക് നൽകി ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം നിർവഹിച്ചു.**

വിശ്വാസ പഠനം

# "ആമീൻ: ബാറെക്മോർ: സ്തൗമെൻകാലോസ്: കുറിയേലായിസ്സോൻ"

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ




*വി. കുർബ്ബാന പൗരസ്ത്യ ക്രൈസ്തവ സഭാപാരമ്പര്യത്തിൽ* എന്ന ഫാ. ഡോ. ജോർജ്ജ് കോശിയുടെ പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിന്റെ ഒരു ആസ്വാദനമാണ് ആ അദ്ധ്യായത്തിന് ബ. അച്ചൻ നല്കിയിരിക്കുന്ന ശീർഷകത്തിൽ ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്. 87 പേജുകളിൽ ആഴത്തിലുള്ള പഠനങ്ങളിലേക്ക് ഒരു ശ്രദ്ധ ക്ഷണിക്കലും ഒപ്പം ക്രിയാത്മക വിമർശനവുമാണ് ലക്ഷ്യം.

"യഹോവ - നമ്മുടെ കർത്താവ് - നല്ലവൻ എന്ന് രുചിച്ചറിയുവിൻ" (സങ്കീ. 43:8) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് പദ-അർത്ഥ ശാസ്ത്രത്തിലെ (Etymology) പരിമിതികളെ കുറിച്ചാണ് അച്ചൻ ആദ്യം ഉപന്യസിക്കുന്നത്. അതിനായി അദ്ദേഹം എടുക്കുന്ന പദം 'വാക്കാണ്' (word). 'ദെബാർ' എന്ന പദമാണ് സംസാരം, ചിന്ത, പ്രവൃത്തി എന്നീ വാക്കുകൾക്കെല്ലാം എബ്രായ ഭാഷയിലും സുറിയാനി (അരമായ) ഭാഷയിലും ഉപയോഗിക്കുന്നത്. നമ്മുടെ കർത്താവിന്റെ മർത്തീകരണ രക്ഷാപ്രവർത്തനങ്ങൾക്ക് – 'മനുഷ്യാവതാര വ്യാപാരത്തിന്' – Economy of Salvation – മ്ദബറൂനോസോ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ചുരുക്കത്തിൽ 'മനുഷ്യാവതാര വ്യാപാരം' എന്ന പദത്തിൽ സംസാരം, ചിന്ത, വാക്ക്, പ്രവൃത്തി, ത്യാഗം, യാഗം എന്നിങ്ങനെ മനുഷ്യാവതാരത്തിന്റെ അസംഖ്യങ്ങളായ എല്ലാ ഭാവങ്ങളും നിറഞ്ഞു നിൽക്കുന്നു എന്നു സാരം. 'മ്ദബറൂനോസോ' എന്ന ആഴമായ പദത്തിന്റെ മലയാള പരിഭാഷയിൽ പഴയ തക്സാകളിൽ 'മനുഷ്യാവതാര വ്യാപാരകാലത്ത്' എന്ന് ഉണ്ടായിരുന്നത് 1990 -കളിൽ ഇറങ്ങിയ തക്സാകളിൽ 'ആധുനിക ഭാഷാപണ്ഡിതന്മാർ' 'മനുഷ്യാവതാരകാലത്ത്' എന്ന് ചുരുക്കുകയും കർത്താവ് വ്യാപാരം ചെയ്യുവാനല്ല വന്നത് എന്ന് ആ വാക്കിന്റെ ആഴത്തെ അറിയാതെ, വിമർശിക്കുവാനും, വി. ഏവൻഗേലിയോൻ വായനയിലെ മർമ്മപ്രധാനമായ ഈ പ്രഖ്യാപനത്തെ അർത്ഥപൂർണ്ണതയില്ലാതെ ഉപയോഗിക്കുവാനും തുടങ്ങിയത് ഉന്നത പൗരോഹിത്യ സ്ഥാനികൾപ്പോലും ഇന്ന് ഉപയോഗിച്ചു വരുന്നതു കാണാം. വലിയ ഒരു തെറ്റ് തിരുത്തപ്പെട്ടുവെന്നാണ് അവർ ചിന്തിക്കുന്നത് എന്നതാണ് ഏറെ ഖേദകരം!

ആരാധനയിൽ വിശ്വാസിയുടെ സമ്പൂർണ്ണ പങ്കാളിത്തം അവന്റെ സർവ്വ ഇന്ദ്രിയങ്ങളും സമ്യക്കായി അനുഭവിച്ച് നമ്മുടെ ബോധങ്ങളും വിചാരങ്ങളും ദൈവകേന്ദ്രീകൃതമായി ഇരിക്കണമെന്നും പരിഭാഷകൊണ്ട് അർത്ഥകല്പന പൂർത്തിയാകാത്ത പദങ്ങൾ മൂലഭാഷയിൽ തന്നെ ഉപയോഗിച്ച് ആരാധനാ പഠന കളരികളിലൂടെ മൂലഭാഷ അർത്ഥത്തെ വ്യാഖ്യാനിക്കുന്നതാണ് കൂടുതൽ ഉചിതമെന്നുമുള്ള ബ. അച്ചന്റെ ആശയത്തോട് പൂർണ്ണമായും ഞാനും യോജിക്കുന്നു.

**1. ആമീൻ (ആമേൻ)**

ക്രൈസ്തവലോകത്ത് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വാക്കാണ് ആമീൻ (ആമേൻ). തർജ്ജമ ആവശ്യമില്ലാത്ത ഈ പദം എല്ലാ സഭകളും എല്ലാ ഭാഷകളിലും എല്ലാ പ്രാർത്ഥനകളുടെ അവസാനത്തിലും ഉപയോഗിക്കുന്നു. കൂടാതെ യഹൂദമതവും മുസ്ലീം മതവും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പദവുമാണ്. 'അങ്ങനെ ഞങ്ങൾ സമ്മതിക്കുന്നു', 'അപ്രകാരംതന്നെ' (we agree with that, so be it) എന്നൊക്കെ അർത്ഥം നൽകാവുന്ന ആമീൻ; 'അസ്തു' എന്ന സംസ്കൃത പദമാണ് 'ആമീൻ'ന്റെ ഏറ്റവും അർത്ഥഭാവന ലഭിക്കുന്ന ഭാരതീയ പദം. ഹൈന്ദവ-ബുദ്ധ-ജൈന മതങ്ങൾ അവരുടെ ആരാധ്യമന്ത്രമായി ഉപയോഗിക്കുന്ന 'ഓം'കാരം ശബ്ദരൂപത്തിൽ ആമീനുമായി ഏറെ അടുത്തു നിൽക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഭാഷാശാസ്ത്രത്തിലെ ആദ്യ-മധ്യ-അന്ത ശബ്ദങ്ങളുടെ സമന്വയമായിട്ടാണ് ശേമ്യ ഭാഷകളിൽ 'ആമീൻ'നും ഭാരതീയ ഭാഷകളിൽ 'ഓം'കാരവും കാണുന്നത്. പ്രണവമന്ത്രം എന്നും ശബ്ദസമന്വയം എന്നും നാദബ്രഹ്മമെന്നുമെല്ലാം 'ഓം' ശബ്ദത്തെ ഭാരതീയ തത്ത്വചിന്തയിൽ മനസ്സിലാക്കുന്നത് യെഹൂദ-മുസ്ലീം പാരമ്പര്യത്തിൽ 'ആമീൻ' പദത്തിനും ലഭിക്കുന്നുണ്ട് എന്ന് കാണുന്നു.




(എന്റെ Bachelor of Divinity യുടെ thesis subject "Om and Amen: In St. John's Gospel and Advita Philosophy" - 1991 എന്നായിരുന്നുവെന്ന് ഇവിടെ ഓർക്കുന്നു)

Elohim Melochi Neiman - God the faithful King എന്ന മൂന്നു വാക്കുകളുടെ ചുരുക്കെഴുത്താണ് ആലേഫ്, മേം, നൂൻ അക്ഷരങ്ങൾ ചേർത്തുവരുന്ന ആമേൻ അഥവാ ആമീൻ എന്ന് യഹൂദ റാബിമാരെ ഉദ്ധരിച്ചുകൊണ്ട് ബ. അച്ചൻ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ക്രൈസ്തവ ആരാധനാ പാരമ്പര്യത്തിൽ അത്തരം ഒരു വ്യാഖ്യാനത്തിന് വലിയ സാംഗത്യം ഉണ്ടെന്ന് തോന്നുന്നില്ല.

ആമീൻ എന്ന സാർവ്വത്രിക പദത്തെ ഒന്നാം നൂറ്റാണ്ടിൽ തന്നെ 'അലിത്തോസ്സ്' എന്ന് യവന (greek) വൽക്കരിക്കുവാനും പിൽക്കാലത്ത് Genuine എന്ന് ആംഗലേയമാക്കുവാനുമൊക്കെ നടത്തിയ ശ്രമങ്ങൾ വിശ്വാസികൾ തള്ളിക്കളഞ്ഞ ചരിത്രവും ബ. അച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. യേശുക്രിസ്തുവിന്റെ സുവിശേഷങ്ങളിൽ 63 തവണ കർത്താവു തന്നെ 'ആമീൻ' എന്ന പദം ഉപയോഗിച്ചിട്ടുണ്ടെന്നും മർമ്മപ്രധാനമായ പല പഠിപ്പിക്കലുകളും കർത്താവു നടത്തുന്നതിനു മുമ്പായി 'ആമീൻ, ആമീൻ' എന്ന പ്രാരംഭ വാക്കുകൾ പറയുന്നതും ശ്രദ്ധേയമാണ്. അത്തരം സന്ദർഭങ്ങളിൽ 'ആമീൻ' എന്ന പദത്തിന് 'സത്യമായും' (truely, most assurdly) എന്ന പരിഭാഷ നൽകിയിരിക്കുന്നു.

നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ പിതാവേ...' എന്ന പ്രാർത്ഥന അവസാനിക്കുന്നത് 'ആമീൻ' എന്നു ചൊല്ലിക്കൊണ്ടാണല്ലോ. അവിടെ 'ആമീൻ' എന്ന പദം കർത്താവിൽ നിന്നും നമുക്ക് ലഭിക്കുന്ന വാഴ്വിനെയും അനുഗ്രഹങ്ങളെയും സൂചിപ്പിക്കുന്നു എന്നും ബഹു. അച്ചന്റെ പഠനം ചൂണ്ടിക്കാണിക്കുന്നു.

ക്രൈസ്തവ ആരാധന ചരിത്രത്തിൽ 'ആമീൻ' എന്ന പദം താക്കോൽ പദമായി മാറിയ ചരിത്രവും വി. ജസ്റ്റിൻ മാർട്ടീയർ, മോശ ബർസ്ക്കീപ്പാ, വി. അഗസ്തീനോസ്, മൊപ്സത്തിയായിലെ തീയഡോർ, നിസിബിസിലെ നർസായി തുടങ്ങി അനേകം പിതാക്കന്മാരെ ഉദ്ധരിച്ചുകൊണ്ട് അച്ചൻ വിശദമാക്കുന്നുണ്ട്. കർത്തൃശരീരമായ സഭയായി രൂപാന്തരപ്പെടുന്ന ആരാധനാസമൂഹത്തിൽ പ. റൂഹായുടെ വ്യാപാരത്താൽ കൂടിവരുന്നവരുടെ നന്ദിയുടെയും സ്തോത്രത്തിന്റെയുമാണ് 'ആമീൻ'!

ദൈവഹിതത്തിനുള്ള സമ്പൂർണ്ണ വിധേയത്വമാണ് 'ആമീൻ' എന്ന പ്രതിവാക്യം എന്നു വി. മറിയാമിന്റെ "ഞാൻ നിന്റെ ദാസി, തിരുവചനംപോലെ എനിക്കു ഭവിക്കട്ടെ' (ലൂക്കോസ് 1:38) എന്ന സ്വീകരണവാക്യം ഉദ്ധരിച്ചുകൊണ്ട് പിതാക്കന്മാർ വ്യാഖ്യാനിക്കുന്നതായും ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുന്നു. 'മറിയ' എന്ന പദത്തിന്റെ അർത്ഥം 'എന്റെ യജമാനൻ കർത്താവാകുന്നു' എന്നു

മനസ്സിലാക്കുമ്പോൾ വി. മാതാവിന്റെ പ്രതിവചനവും അതിന്റെ പൊരുളും വ്യക്തമാകുന്നു. രണ്ടാം ഹവ്വായുടെ അനുസരണവും സ്വീകരണവും വിധേയത്വവുമെല്ലാം 'ആമീൻ'നിൽ കാണാം!

ചുരുക്കത്തിൽ ആരാധനയിൽ കാർമ്മികന്റെ കർമ്മാനുഷ്ഠാനങ്ങൾ വിശ്വാസികളുടെ ആമീനാൽ മുദ്രിതമാകുന്നുവെന്നും ഒപ്പം ആമീൻ പറയുന്ന വിശ്വാസിക്ക് കർമ്മഫലസിദ്ധി ലഭിക്കുന്നുവെന്നും മനസ്സിലാക്കാം. മറിയാമാകുന്ന 'വരണ്ട നിലം' വിതയ്ക്കുവാൻ ഒരുക്കപ്പെട്ട വയലായി തീർന്നതുപോലെ ഓരോ വിശ്വാസിയും ആമീൻ പ്രാർത്ഥനകളാൽ വചനിപ്പിന്റെ അനുഭവത്തിലേക്ക് ക്ഷണിക്കപ്പെടുന്നു. "ആമേൻ, കർത്താവായ യേശുവേ, വരണമേ" (വെളി. 22:20) എന്ന പ്രാർത്ഥനയിൽ പ. സഭ പ്രത്യാശയോടെ നമ്മുടെ കർത്താവിന്റെ വരവിനായി നോക്കിപ്പാർക്കുന്നു.

**2. ബാറെക്മോർ**

ബാറെക്, മോർ എന്നീ രണ്ടു വാക്കുകൾ എപ്പോഴും ഒന്നിച്ചുപയോഗിക്കുന്നു. "എന്റെ കർത്താവേ; വാഴ്ത്തണമേ" എന്ന് അർത്ഥം. വിശ്വാസികൾ വൈദികരെ കാണുമ്പോഴും അവർ ആരാധനയിൽ പങ്കെടുക്കുമ്പോഴും ഉപചാരപൂർവ്വം ഈ പദം ഉപയോഗിച്ച് പുരോഹിതന്റെ കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നു. വൈദികസ്ഥാനികളായ എപ്പിസ്കോപ്പാ, പുരോഹിതൻ (കശ്ശീശ്ശാ), ശെമ്മാശന്മാർ എന്നിവരും പരസ്പരം കാണുമ്പോൾ അവരുടെ പൗരോഹിത്യ സ്ഥാനമുറയ്ക്ക് അനുസരിച്ച് 'ബാറെക്മോർ' പറഞ്ഞ് കൈമുത്തുകയോ, കൈകസ്തൂരി നൽകി സമാധാനം ചോദിക്കുകയോ ചെയ്യുന്നു. സമസ്ഥാനികൾ ആണെങ്കിൽ അവർ തിരിച്ചും 'ബാറെക്മോർ' പറയുന്നു. എന്നാൽ മേൽസ്ഥാനികൾ താഴെയുള്ളവരോട് മറുപടിയായി 'ആലോഹിന് ബാറേക്' (ദൈവം അനുഗ്രഹിക്കട്ടെ) എന്ന് ആശീർവാദം നൽകുന്നു.

അനുഗ്രഹം (Blessing) എന്നു അർത്ഥം വരുന്ന ഈ പദം യഹൂദ-ഇസ്ലാം -ക്രൈസ്തവ പാരമ്പര്യത്തിൽ നാമരൂപമായി എക്കാലത്തും ഉപയോഗിക്കുന്നുണ്ട്. ബ്രക്ക്, ബാറാക്ക്, ബാരൂക്ക് തുടങ്ങി ബെനഡിക്ട്, മക്കാറിയോസ് വരെ ഈ പദത്തിന്റെ നാമരൂപമായ പേരുകൾ പ്രസിദ്ധങ്ങളാണ്!

വാഴ്ത്തപ്പെട്ടവരായി ഇരിക്കണമെങ്കിൽ നാം എല്ലായ്പ്പോഴും കർത്താവിനെ വാഴ്ത്തി സ്തുതിക്കണം എന്ന ഒരു പ്രമാണവും യഹൂദ ആരാധനയിൽ നിന്നും ലഭിക്കുന്നുണ്ട്. "ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" (സങ്കീ. 34:1). അങ്ങനെ എപ്പോഴും 'ഉയരപ്പെട്ടവന്റെ മറവിൽ' വസിക്കുവാൻ കഴിയുന്നതാണ് ഭാഗ്യാവസ്ഥ എന്നതിനാൽ അതിൽ നിലനിൽക്കുവാൻ ഒരുവൻ പാപം കൂടാതെ ജീവിക്കണമെന്നും (സങ്കീ. 1:1-2) അവർ എപ്പോഴും പൗരോഹിത്യത്താൽ 'അനുഗ്രഹിക്കപ്പെട്ടവനും കൂദാശകളിൽ വിശുദ്ധിയിൽ വളരുന്നവനുമായിരിക്കണമെന്ന അടിസ്ഥാനതത്വമാണ് 'ബാറെക്മോർ'ന്റെ ആവർത്തനത്തിൽ അന്തർലീനമായിരിക്കുന്നത്. ഉയരങ്ങളിൽ നിന്ന് അഥവാ പിതാവാം ദൈവത്തിൽ നിന്ന് പുത്രനിലൂടെ പരിശുദ്ധാത്മ വ്യാപാരത്താൽ ഇറങ്ങിവരുന്ന അനുഗ്രഹം വിശ്വാസിക്ക് ലഭിക്കുവാനായി അവൻ ആരാധനാസംഘത്തിന്റെ അദ്ധ്യക്ഷനോട് വിനയത്തോടെ അപേക്ഷിക്കുകയും അതു സ്വീകരിക്കുവാൻ അനുവാദം വാങ്ങുകയും ചെയ്യുന്നുവെന്ന് സാരം.

'ബാറെക്മോർ' അഥവാ 'വാഴ്ത്തണമേ, അനുഗ്രഹിക്കണമേ' എന്ന യാചന വിശ്വാസിയുടെയാണ്; സംഘത്തലവന്റെയല്ല എന്ന് ബഹു. അച്ചൻ പ്രത്യേകം സൂചിപ്പിക്കുന്നു. ആരാധനയുടെ അദ്ധ്യക്ഷൻ സ്വയം 'ബാറെക്മോർ' പറയുന്നതിൽ അർത്ഥം ഇല്ല; മറിച്ച് വിശ്വാസസമൂഹം 'ബാറെക്മോർ' പറയുമ്പോൾ അവൻ അവരെ ത്രിത്വനാമത്തിൽ വാഴ്ത്തി അനുഗ്രഹിക്കുകയാണ് ചെയ്യേണ്ടത്. കൗമാ പ്രാർത്ഥനയിൽ കർത്തൃപ്രാർത്ഥന ആരംഭിക്കുവാൻ സംഘത്തലവനോട് വിശ്വാസികൾ അഭ്യർത്ഥിക്കുന്നതും; യാമപ്രാർത്ഥനകളുടെയും വി. കുർബ്ബാനയുടെയും മുമ്പ് പള്ളിമണികൾ മുഴങ്ങുമ്പോൾ സ്വയം വാഴ്ത്തപ്പെട്ടവരായിത്തീരുന്നതിനും വിശ്വാസികൾ കുരിശുവരച്ച് 'ബാറെക്മോർ' ചൊല്ലുന്നു!

(തുടരും)

**ചരിത്രരേഖകൾ**

## 1980 ഫെബ്രുവരി സുന്നഹദോസിന്റെ നിശ്ചയങ്ങൾ

**പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ഫെബ്രുവരി 18 മുതൽ 23 വരെ സമ്മേളിച്ചു**

1980 ഫെബ്രുവരി 18-ാം തീയതി കോട്ടയം പഴയസെമിനാരിയിലുള്ള സോഫിയാ സെന്റർ ചാപ്പലിൽ ആരംഭിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് 22-ാം തീയതി വെള്ളിയാഴ്ച സമാപിച്ചു. പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസ് യോഗങ്ങളിൽ യൂഹാനോൻ മാർ സേവേറിയോസ്, യൂഹാനോൻ മാർ അത്താനാസിയോസ്, തോമസ് മാർ മക്കാറിയോസ് എന്നിവർ ഒഴികെയുള്ള സഭയിലെ എല്ലാ മേല്പട്ടക്കാരും സംബന്ധിച്ചിരുന്നു. സുന്നഹദോസ് അംഗങ്ങളുടെ ധ്യാനത്തിനു മലബാർ ഇടവകയുടെ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി.

സഭയുടെ ശിശുക്ഷേമ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു ഒരു ശിശുക്ഷേമ ബോർഡ് തുടങ്ങണമെന്നും അതിന്റെ പ്രവർത്തനങ്ങൾക്ക് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകണമെന്നും നിശ്ചയിച്ചു.

ശിശുവർഷ പിരിവുകൊണ്ടു ഉണ്ടാകേണ്ട ബാലഭവനങ്ങൾ / വികലാംഗ ശിശുഭവനങ്ങൾ ഇവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനു ഗീവറുഗിസ് മാർ ദീയസ്കോറോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു.

സഭയിൽ പൊതുവായി കൂടുതൽ ആദ്ധ്യാത്മിക ചൈതന്യവും നവജീവനും ഉണ്ടാകത്തക്കവണ്ണം വേണ്ട കർമ്മപരിപാടികൾ നിശ്ചയിച്ചു നടപ്പാക്കുന്നതിനു തീരുമാനിച്ചു. ആയതിന്റെ പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിച്ചു നടപ്പാക്കുന്നതിനു പരിശുദ്ധ കാതോലിക്കാ ബാവാ അദ്ധ്യക്ഷനും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കൺവീനറുമായുള്ള ഒരു കമ്മറ്റിയെ നിശ്ചയിച്ചു.

സഭയിൽ ഇപ്പോഴുള്ള പട്ടക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു വൈദിക സെമിനാരിയിൽ കൂടുതൽ വിദ്യാർത്ഥികളെ എടുത്തു പഠിപ്പിക്കണമെന്നു നിശ്ചയിച്ചു.

ജൂലൈ 6—ാം തീയതി ഞായറാഴ്ച മിഷൻ സണ്ടേയായും സഭാവികസന ദിനമായും പ്രഖ്യാപിക്കുന്നതിനു തീരുമാനിച്ചു.

സുന്നഹദോസിന്റെ മുമ്പാകെ സമർപ്പിച്ചിരുന്ന സ്ഥാപനങ്ങളുടെ ബഡ്ജറ്റ് യോഗം അംഗീകരിച്ചു.

36-ാം ഞായറാഴ്ച (മാർച്ച് 23) നടത്തുന്ന കാതോലിക്കാദിന പിരിവ് വിജയപ്രദമാക്കുന്നതു സംബന്ധിച്ച് യോഗം ചർച്ചകൾ നടത്തി. ഈ ചർച്ചകളിൽ അസോസിയേഷൻ സെക്രട്ടറി ശ്രീ. പി. സി. ഏബ്രഹാം, ഡപ്യൂട്ടി സെക്രട്ടറി മാരായ ശ്രീ. പി. എൻ. നൈനാൻ, ശ്രീ. ഒ. എ. മാത്യു എന്നിവർ പ്രത്യേക ക്ഷണപ്രകാരം സന്നിഹിതരായിരുന്നു.

വി. കുർബാന തക്സാ ഹിന്ദിയിലും തമിഴിലും (ഇംഗ്ലീഷിലും കൂടെ - ഇതു മുമ്പെയുണ്ട്) തർജ്ജമ ചെയ്ത് മുദ്രണം ചെയ്യുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തു. ഹിന്ദിയിൽ മുദ്രണം ചെയ്യുന്നതിന്റെ ചുമതല പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഏല്പിച്ചു (തമിഴ് വിവർത്തനം പൂർത്തിയായി വരുന്നതേയുള്ളു).

സഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റിയിലേക്ക് മാർ ഒസ്താത്തിയോസ്, മാർ പോളിക്കർപ്പോസ്, മാർ ദിയസ്ക്കോറോസ് എന്നീ മേല്പട്ടക്കാരെ കൂടെ നോമിനേറ്റു ചെയ്തു.

കാലാവധി തീർന്ന സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പായെയും പബ്ലിക്കേഷൻ ഓഫീസർ ഫാ. റ്റി. ജി. സഖറിയായേയും തൽസ്ഥാനങ്ങളിൽ മൂന്നു വർഷത്തേക്കു കൂടി നിയമിക്കുന്നതിനും സുന്നഹദോസ് നിശ്ചയിച്ചു.

(മലങ്കരസഭ മാസിക, മാർച്ച് 1980)

Meditation

# Words of Sweetness

### (Meditational Thoughts)

Mylapra Mathews Ramban

## Daily Self Introspection

### Preparation

1. Submit us before God in the beginning
2. Offer our memory, intellect, mind
3. Offer thanks to God for all His Graces bestowed upon us
4. Pray that we identify our sins and for His Grace to hate them
5. Think about what is given below
6. Seek guidance from Holy Mother and Saints
7. Identify each of our sins with the help of Holy Spirit
8. During this introspection, we should be repenting double the normal
9. Let there by our personal offerings to God and pray our Lord's Prayer

### Repentance Following Introspection


Oh Lord our God, You are extremely considerate and loving. I am really pained in my hearts of hearts that I have been leading a life not in line with what You desire. From now onwards, I shall love You and respect You above all. Oh Almighty God, forgive all my sins and discard them fully from Your memory. I have decided to lead my life with the help of Your Grace, without irritating You. I submit myself before the Holiness of the sufferings and death of our Messiah, Your son in Your Grace, by confessing all my sins before You. Amen.

### Prayer for Daily Introspection

Almighty God, our Father in Heaven, the treasure of love! We praise You that You have protected us throughout this day. My physical wellness, my daily food, my clothes, my knowledge, my teachers, my parents, my kith and kin, my friends and such all blessings You have provided me and for all of these I praise You. You have gifted me all You are and my tongue has no strength to express my thanks to You. Oh my Father! I submit before You the whole of me; sanctify me, make me Yours. In case I have done anything today not pleasing to You, help me to identify my such deeds and discard them from me forever. Be merciful on me that I identify me, the way You see me at all times. Oh my God, my Father, Son and Holy Spirit! I offer me in my wholeness before Your glowing sanctity. Amen.

### Prayer after Introspection

Oh my Lord, I have sinned today against You in my thoughts and my deeds. Oh my Father, forgive me and bless me. Let me not die in my sins. Make me undergo the Holy Mystery of Confession soon enough. Forgive all my sins I have committed out of my senselessness. Oh my Lord! Help me not to commit those sins I have committed today, never again in my life. Oh my Lord, be merciful



on me to close all the ways and means before me to commit sins. I leave all those I have from You for Your governance over them. Be kind enough to accept me into your hold for ever. Amen.

### Another Prayer

Oh my dear Lord! There is nothing I can do for You. But You, my Lord, be merciful on me and do big things for me. Discard my selfishness from me. Annihilate all damaging love from me. Discard all desires and all illegitimate love from me. Let no evil desires and evil thoughts get rooted in me. Sanctify all pieces of advice from me. Make me humble enough to have a repenting heart in me. Let a Holy fear about You surround me. Bless me with true and deep repentance about my sins sustaining in me as much as sand on the beach and stars in the sky. Amen.

### Prayer for the Church

Oh Lord our God, Our Messiah, bless our Church and all those High Priests, Priests and Deacons and others in our Church. Be merciful on our Church that all disputes within the Church are discarded and please provide our Church good days, prevailing peace. Entrust good shepherds to rule Your Church as per Your

Will. Let them graze us in the Church as pleasing to You. Provide them long life honorable as pleasing to Your Will. Oh Lord our God! Due to lack of our awareness and cheating tricks of Satan, whatever wrongs we have as also our Clergy has done, may kindly be forgiven in Your mercy. Provide comfort to all our clergy and our laymen who have departed from this life for heavenly abode. When You come for the Final Judgment, be merciful on all of us and our departed ones. Oh Lord, our God, during our life span in this world itself, Your light may enter the Church and attract outsiders too into this staple. Let us be aware of the glory of all the responsibilities You have entrusted to us. Let us move together united for Your work. Let Your Holy Spirit touch each one of our Hearts. Those who are in this Church may have their faith enhanced. Let us make it possible that we protect our catholic faith without any stains. Let no heresy find a way into this Church. Let all children in this Church have increasing unity among them. Oh Lord, our Messiah, forgive all our deeds wherever we have forgotten Your power and Your strength. Keep us jointly in Your hold without pushing us away. Amen.

### Prayer for various Churches

Oh Merciful Lord, our God! You are not for Your children going wayward in life. But, Your interest is that they should get transformed and come to Your fold that they experience redemption through Your Son. Oh Lord, our God! We beseech before You that all men and women in our country belonging to different castes and creed should get attracted to Your Light. They are poor and with no one to take care of them. Though belittled in this world, they are honorable in Your eyes. Lord, encourage and raise those who are willing to work among these men and women. Lord, let us discard everything we have and be recipients of Your Grace that we help them in all spheres of life for Your glory. Lord, bless all those who are readying themselves for helping them with words or body or wealth or by any other means useful to them. Lord, make use of us, sinners, for this. Lord, may we are blessed with Your Grace for all these. We have only our sin filled hearts for this service. Lord, may You not look into our sin filled hearts, but if You desire, choose us also for these services. Bless and strengthen those brothers and sisters who are now working among them. Oh Merciful Lord! Glorify all Christian Churches at all places. Lord, guard them from all likely persecutions and harassments and deceases they confront.

Oh Lord our God! Comfort all their departed ones. Lord, heal all their sick brethren. Lord, let many men and women join these Churches and experience Your Light. Oh Merciful Lord, be there no hindrances blocking this work on account of any of our sinful ways. Lord, bless us and all those who work among them and these blessed brothers and sisters. Oh Lord! Let all unchristian caste differences introduced among these Christian brothers and sisters get lost from us. Lord, be merciful on us that we perceive Your Holy Words 'my house shall be called the house of prayers' for all people and act accordingly.

## Short Prayers

### 1. Prayer to be recited when on bed without sleep

Oh my God! My soul desires You this night. I will seek You early morning as well. I come to You for my relief and well being as I am tired from my hard work during day time and for relaxation of my soul. May You be merciful to guard me under Your wings; guard me in our compassionate love and truth. May You be merciful to take care of me when I am awake and when I am asleep. Amen.



### 2. Prayer when on bed in pain without sleep

Oh my Lord! Strengthen me in Your Sleebo and Your passion. Let this cup pass me. Yet, not my will, your will may satisfy me. Amen.

### 3. Prayer when wakes up at mid night

Oh Lord, my God! Having got sanctified prophet Daniel and sanctified Paul wake up at midnight, may You help me think about You and sing praises for You while I am on bed. Oh merciful Lord, my God, as Your presence transform our darkness to Your enchanting light, may I be redeemed. Amen.

### 4. Prayer while the bell rings

Oh Lord my God! The whole of my time rests with You. Oh Lord, You have advised us to be awake at all times as we are unaware the time our master makes entry, may be in the evening, may be at midnight, may be when the rooster howls or may be in the morning and therefore, keep awake always; Lord, be merciful on me at all times even at the time of my death. Amen.

### 5. Prayer before talking with anyone

O Lord our God, have a guard to my mouth and a custodian to my lips. Protect my lips from talks with evil traits. Amen.

### 6. Prayer for guarding eyes not to see evil scenes

Oh Lord my God! Be merciful on me that my eyes are guarded from not seeing damaging and transient things. Make me walk Your ways through which make me run. My eyes are always focusing my Lord. I will protect my feet from all traps on the way. Amen.

### 7. Prayer for a compassionate heart

Oh most compassionate and loving Jesus, my Lord! Teach me to love the poor, teach me to serve the weak, teach me to love those who are above me. Amen.

**8. Prayer for Jesus, the Messiah to guard me**

Oh Jesus, my Lord, my loving Shepherd! I am Your small lamb. Mark Your name on me that I stand protected. Keep me locked in Your dwelling place throughout the night and throughout the day. Feed me and guard me. I am beseeching like this before You that I do not run away from Your love. Amen.

**9. Prayer for the love of Your Virgin Mother**

Oh Jesus, my sweet Lord, You were once a child like me. Please show me Your Mother to me. Let me love Your Mother as my own mother. Hand over me to her that she guards me. Tell her to accept me as a child of her. Tell her to guard me for You. May I am aware of her love always and experience her love always.

Amen.

**10. Prayer to recite when sitting alone**

Oh Lord, my God! You do check out all the mysteries in me. Lord, help me to be aware of Your presence and guide me to carry out all my tasks. Discard everything in my heart those sadden You. My mind keeps wavering in immeasurable power. Lord, suppress all my uneasy thoughts and stamp down Satan before my feet. Amen.

**11. Prayer while making entry to the church**

Oh my God! I am entering into Your House; I will satisfy my offerings with respect. In fear and in Your mercy, I will face Your Throne and bow before You, My soul is thirsting to enter Your place of dwelling. Those who can enter Your dwelling place are fortunate. They keep on praising You. Oh my Lord! Listen to my prayers when I cry before You. I will, then, raise my hands before Your Throne of mercy.

(to be continued)




തിരുവനന്തപുരം മെത്രാസനത്തിന്റെ കാതോലിക്കാ ദിന പിരിവിന്റെ സമാഹരണ യോഗത്തിനെത്തിയ പ. കാതോലിക്കാ ബാവായും യൂഹാനോൻ മാർ പോളിക്കർപ്പോസും ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിനോടും വൈദികരോടുമൊപ്പം.



സൗദി റിയാദ് ഇന്ത്യൻ എംബസ്സിയിലെ ഡെപ്യൂട്ടി ചീഫ് മിഷൻ ഓഫീസറായി അബു മാത്തൻ ജോർജ് ചുമതലയേറ്റു. എം.ജി. യൂണിവേഴ്സിറ്റിയിലെ പൗലോസ് മാർ ഗ്രീഗോറിയോസ് പഠനപീഠ അദ്ധ്യക്ഷനും, സോപാന അക്കാദമി ഡയറക്ടറുമായ ഫാ. ഡോ. കെ. എം. ജോർജിന്റെ മകനാണ്. വടക്കൻമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ മാതാവ് ഏലിയാമ്മ യോഹന്നാൻ നിര്യാതയായി

തിരുവല്ല: നിരണം ഭദ്രാസന മെത്രാപ്പോലീത്തായും എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ മാതാവ് കോട്ടൂർ മണ്ണിൽ പുത്തൻപുരയിൽ ഏലിയാമ്മ യോഹന്നാൻ (90) നിര്യാതയായി. ശവസംസ്കാരം ഓഗസ്റ്റ് 14 തിങ്കളാഴ്ച്ച ഉച്ചക്ക് ഒരു മണിക്ക് ഭവനത്തിൽ ശുശ്രൂഷ ആരംഭിച്ചു രണ്ടു മണിക്ക് കോട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെടും.

വചനതീർത്ഥം



# “സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്”

## കൂടാരപ്പെരുന്നാളിനുശേഷം ഒന്നാമത്തെ ഞായറാഴ്ച

## വി. മത്തായി 21: 28–32

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

സഭയുടെ ആരാധന വർഷത്തിലെ ആറാമത്തെക്കാലമായ തേജസ്ക്കരണ കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മറുരൂപമലയുടെ ഉച്ചിയിൽ യേശുവിന്റെയും, മോശയുടെയും, ഏലിയാവിന്റെയും സാന്നിദ്ധ്യത്തിലങ്ങനെ എന്നും കഴിഞ്ഞു കൂടുന്നതു എത്ര സുന്ദരം. പക്ഷേ അങ്ങ് അകലെ താഴ്‌വരയിൽ നിരാശയുടെ, രോഗത്തിന്റെ, വിങ്ങലിന്റെ, മരണത്തിന്റെ, അവഗണനയുടെ ഒക്കെ ഒരു ലോകം ഉണ്ട്. കുടിൽ കെട്ടി മലമുകളിൽ എല്ലാ സംഘർഷങ്ങളിൽ നിന്നും ഒക്കെ അകന്ന് കഴിഞ്ഞു കൂടാനാഗ്രഹിച്ച മനസ്സിനെ എങ്ങനെ കുറ്റപ്പെടുത്താനാകും. എന്നാൽ മലമുകളിൽ സ്വന്തമാക്കിയ പാഠങ്ങൾ താഴ്‌വരയിൽ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുമ്പോൾ ആണ് യഥാർത്ഥ ശിഷ്യത്വം പൂർണ്ണമാകുന്നത്. ആർക്കും ഒറ്റപ്പെട്ട് ലോകചിന്തകളിൽ നിന്നൊക്കെ മാറി ജീവിക്കാം. പക്ഷേ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഇവിടെ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ക്രിസ്തീയ ജീവിതം പൂർണ്ണമാകുന്നത്. താഴ്‌വരയിൽ യേശുവിനെയും ശിഷ്യരെയും കാത്തിരുന്നത് ദർശനമലയിലെ ധ്യാനമണ്ഡലമല്ല. ജീവിത യാഥാർത്ഥ്യങ്ങളുടെ തീച്ചൂളയിൽ വെന്തെരിയുന്ന പച്ചയായ മനുഷ്യരുടെ പ്രശ്നങ്ങളാണ്.

ഈ ആഴ്ചയിലെ വേദപഠന ഭാഗം വി. മത്തായി ശ്ലീഹായുടെ സുവിശേഷം 21–ാം അദ്ധ്യായം 28 മുതൽ 32 വരെയുള്ള വേദഭാഗങ്ങൾ ആണ് ഭിന്നസ്വഭാവക്കാരായ രണ്ടു പുത്രന്മാരെക്കുറിച്ചാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. ഒരാൾക്ക് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ആ പിതാവ് ആദ്യത്തെ മകന്റെ അടുത്തു ചെന്നു പറഞ്ഞു, മകനെ ‘നീ ഇന്നു മുന്തിരിത്തോട്ടത്തിൽ പോയി ജോലി ചെയ്യുക.’ ‘എനിക്കു മനസില്ല’ എന്നു അവൻ മറുപടി പറഞ്ഞെങ്കിലും പിന്നീട് പശ്ചാത്തപിച്ച് തോട്ടത്തിലേക്ക് പോയി. അയാൾ രണ്ടാമത്തെ മകനെയും സമീപിച്ച് ഇതുതന്നെ പറഞ്ഞു. അവൻ മറുപടിയായി ഞാൻ പോകാം എന്നു പറഞ്ഞു എങ്കിലും അവൻ പോയില്ല. ഈ രണ്ടുപേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിർവ്വഹിച്ചത്. ഒന്നാമത്തവൻ തന്നെ എന്നു അവർ പറഞ്ഞു. അപ്പോൾ യേശു അവരോടു ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പേ ദൈവരാജ്യത്തിൽ പ്രവേശിക്കും. കാരണം യോഹന്നാൻ ധർമ്മമാർഗ്ഗത്തിലൂടെ നിങ്ങളുടെ അടുത്തു വന്നു നിങ്ങൾ അവനെ വിശ്വസിച്ചില്ല. പക്ഷേ ചുങ്കക്കാരും വേശ്യകളും അയാളെ വിശ്വസിച്ചു. അതു കണ്ടിട്ടും നിങ്ങൾ പശ്ചാത്തപിച്ച് അയാളെ വിശ്വസിച്ചില്ല.

യേശുതമ്പുരാൻ അനുതാപത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ ഉപമയിലൂടെ വിവരിക്കുന്നു. ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. തലമുറകളായി ദൈവം പ്രവാചകന്മാർ മുഖാന്തിരം വെളിപ്പെടുത്തിയ കാര്യങ്ങൾ ഗ്രഹിക്കാതെ ഹൃദയകാഠിന്യത്തിലായിരിക്കുന്ന യഹൂദരെ ഇവിടെ വിമർശിക്കുന്നു. യഹൂദ മേധാവികൾ യോഹന്നാൻ സ്നാപകനെ സ്വീകരിക്കാതിരുന്നതിനെപ്പറ്റി മുൻഭാഗത്തു സൂചിപ്പിച്ചു. അതു ഒന്നുകൂടി രണ്ടു പുത്രന്മാരുടെ ഉപമയിൽ കൂടി കർത്താവ് എടുത്തു കാണിക്കുന്നു. ഒരു മകൻ പിതാവിനെ അനുസരിക്കുവാൻ ആദ്യം വിമുഖത കാട്ടി എങ്കിലും പിന്നീട് അനുതപിച്ചതിനുശേഷം അനുസരിക്കുന്നു. അടുത്തവൻ താൻ അനുസരിക്കുന്നു, അല്ലെങ്കിൽ പിതാവിന്റെ വചനങ്ങൾക്ക് വില കൊടുക്കുന്നു എന്ന ഒരു പ്രതീതി ഉണ്ടാക്കി എങ്കിലും അവൻ അനുസരിക്കുന്നില്ല. അനുസരിക്കാത്തവൻ യഹൂദ മതനേതാക്കളെ സൂചിപ്പിക്കുന്നു. അനുസരിച്ചവൻ യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ട് അനുതപിച്ച ചുങ്കക്കാരെയും പാപികളെയും പ്രതിനിധീകരിക്കുന്നു.



### പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവം

അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നു എങ്കിലും പ്രവൃത്തികളാൽ അവനെ നിഷേധിക്കുന്നു (തീത്തോസ 1:16). ദൈവവചനത്തെ അനുസരിച്ചു ജീവിക്കുന്നു എന്ന പ്രതീതി ഉണ്ടാക്കുന്നതല്ലാതെ ദൈവവചനത്തിനു പ്രാധാന്യം കൊടുത്ത ഒരു ജീവിതമായിരുന്നില്ല യഹൂദമത നേതാക്കളുടേത്. അവർ നിയമങ്ങൾ എല്ലാം ജനങ്ങളുടെ മുകളിൽ കെട്ടിവെക്കാൻ ശ്രമിക്കുന്നു. എനിക്കു മനസില്ല എന്നു പറഞ്ഞ പുത്രൻ ചുങ്കക്കാരെയും വേശ്യസ്ത്രീകളെയും ഉദാഹരിക്കുന്നു. ഇവർ പരസ്യമായി ദൈവകല്പനകളെ ലംഘിച്ചിരുന്നവരാണ്. എങ്കിലും അവർ തെറ്റുകാരാണ് പാപികളാണ് എന്ന് ഇവർക്ക് മനസിന്റെ ഉള്ളിൽ ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവർ യോഹന്നാന്റെ പ്രസംഗം കേട്ട് മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് കടന്നുവന്നത്. എന്നാൽ ഞാൻ പോകാം എന്നു പറഞ്ഞ പുത്രൻ യഹൂദ മേധാവികളെ പ്രതിനിധീകരിക്കുന്നു. അവർ ദൈവീക കല്പനകളുടെ ആചരണത്തിൽ വളരെ തീക്ഷ്ണതയുള്ളവരും, ന്യായപ്രമാണങ്ങളും ദീർഘദർശനങ്ങളും നന്നായിട്ടറിയാവുന്നവരും എല്ലാം തികഞ്ഞവർ എന്ന ഭാവേന മറ്റുള്ളവരെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നവരും തങ്ങളുടെ കുറവുകളെ തിരിച്ചറിയാത്തവരും ആയിരുന്നു. ഈ അഹംഭാവത്തിൽ മതിമറന്ന് പശ്ചാത്താപത്തിനുള്ള യോഹന്നാൻ സ്നാപകന്റെ ആഹ്വാനത്തിനു ചെവി കൊടുക്കാത്തവരും ആയിരുന്നു. ആയതിനാൽ വിശ്വാസം മറ്റുള്ളവരെ കാണിക്കുവാനായി എന്നാൽ ജീവിതത്തിൽ അതു പ്രാവർത്തികമാക്കുവാൻ അവർ ശ്രമിച്ചില്ല.

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH


**കുറവുകളെക്കുറിച്ചുള്ള ബോധ്യം പശ്ചാത്താപത്തിലേക്കു നമ്മെ നയിക്കുന്നു**

യോഹന്നാൻ സ്നാപകന്റെ ഉപദേശങ്ങൾ ന്യായപ്രമാണ ആചാരങ്ങൾക്ക് വിരുദ്ധമല്ലായിരുന്നു. അവർ സ്വീകരിച്ച് ആചരിക്കുന്നതായി അഭിമാനിച്ചിരുന്ന നിയമങ്ങൾ മാത്രമാണ് യോഹന്നാൻ സ്നാപകൻ ഉപദേശിച്ചത്. അവയെ ഹൃദയത്തിൽ സ്വീകരിച്ച് ചുങ്കക്കാരും പാപികളും മാനസാന്തരത്തിലേക്കു കടന്നു വരുന്നു. ഇതു കണ്ടിട്ടും യഹൂദ മതനേതാക്കൾ ഹൃദയകാഠിന്യമുള്ളവരായി മാറുകയാണ് ചെയ്യുന്നത്. കാരണം ഇവൻ ആരാണ് ഞങ്ങളെ ഉപദേശിക്കുവാൻ. ന്യായപ്രമാണ കൽപ്പനകൾ ഒക്കെ ഹൃദിസ്ഥമാക്കിയിരിക്കുന്ന ഞങ്ങൾക്ക് ഇവനെ ചെവികൊടുക്കേണ്ട കാര്യം ഇല്ല എന്നു അവർ ചിന്തിച്ചു. ഇവിടെ ഒരു മകൻ അനുസരിക്കാം എന്നും ചെയ്യാം എന്നും വാക്കു കൊടുത്തു എങ്കിലും കാര്യത്തോടടുത്തപ്പോൾ അവൻ എല്ലാം മറക്കുന്നു. എന്നാൽ മറ്റവനോ പിന്നീട് ചിന്തിച്ചപ്പോൾ അവന്റെ തെറ്റിനെപ്പറ്റി ബോദ്ധ്യമുള്ളവനായി മാറുകയും തിരുത്തലുകൾ നടത്തുവാൻ മനസ്സു കാണിക്കുകയും ചെയ്യുന്നു. കുറവുകളെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ പശ്ചാത്താപത്തിന്റെ അനുഭവത്തിലേക്കു കടന്നു വരുന്നു.

കർത്താവ് ഇവിടെ ഒരു ഉപമ പറയുന്നതിന്റെ ഉദ്ദേശം വ്യക്തമല്ലെങ്കിലും ഒരുവന്റെ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം എന്ന ആശയം ഇവിടെ നിന്നു നമുക്ക് ലഭിക്കുന്നു. പ്രവൃത്തിയിൽ വരുത്താതെ ഭംഗിവാക്കു മാത്രം പറയുന്നവരെ ഇവിടെ കർത്താവ് വിമർശിക്കുന്നു. "കർത്താവെ കർത്താവെ എന്നു പറയുന്നവനല്ല സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത് (വി. മത്തായി 7:21). പിതാവിന്റെ ഇഷ്ടം അറിഞ്ഞ് വിശ്വസ്തതയോടെ പ്രവർത്തിക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. അങ്ങനെ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്നവരായി തീരുവാൻ നമുക്ക് കഴിയണം.

ശൂനോയോ നോമ്പിന്റെ അന്ത്യത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുകയാണല്ലോ. വി. കന്യകമറിയാം നല്ല അംശം തിരഞ്ഞെടുത്തതുപോലെ പിതാവാം ദൈവത്തിന്റെ ഹിതം എന്തെന്നു മനസിലാക്കി സത്യഅനുതാപത്തോടെ നമുക്ക് ഈ ലോകത്തിൽ പ്രവർത്തിക്കുവാൻ കഴിയണം. വെറും ഭംഗിവാക്കു മാത്രമാകാതെ പ്രവർത്തിയിലൂടെ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരായി തീരുവാൻ കഴിയട്ടെ! ശൂനോയോ നോമ്പിന്റെ സന്ധ്യാനമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു.

"മർത്തമറിയം ലോകഇമ്പങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വനന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിനു മാതാവായി തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടതുപോലെ കർത്താവെ ഞങ്ങളും ലോക ഇമ്പങ്ങളെ വെടിഞ്ഞ് നോമ്പ്, നമസ്കാരം മുതലായ നന്മകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്കു വസിപ്പാൻ തക്ക ആലയങ്ങളും ആയിരിപ്പാൻ യോഗ്യരായിത്തീരണമേ. അതിനു നമുക്ക് പൂർണ്ണ അനുതാപത്തോടെ ദൈവത്തിലേക്കു തിരിയുവാൻ, ദൈവവചനങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാൻ നമുക്ക് സാധിക്കട്ടെ.

◆



**കാതോലിക്കേറ്റ് കോളേജിലെ എംജിഒസിഎസ്എം - സെന്റ് ബേസിൽ അസോസിയേഷന്റെ 2023-24 വർഷത്തെ പ്രവർത്തനോദ്ഘാടനം കുര്യാക്കോസ് മാർ ക്ലീമിസ് നിർവഹിച്ചു.**




**ചെങ്ങന്നൂർ ഭദ്രാസന ബാലസമാജത്തിന്റെ ഭദ്രാസന വാർഷിക സമ്മേളനം പിരളശ്ശേരി സെന്റ് ജോർജ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ വച്ച് ഓഗസ്റ്റ് 6-നു നടന്നു. ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു.**



## ജോർജ് ഗീവർഗീസ് അന്തരിച്ചു

ഓമല്ലൂർ: മലങ്കര ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മിറ്റി അംഗം പുത്തൻപീടിക വല്ല്യവീട്ടിൽ ജോർജ് ഗീവർഗീസ് (കുഞ്ഞുമോൻ-74) കാനഡയിൽ അന്തരിച്ചു. സംസ്കാരം പിന്നീട്.

സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗം, ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഭാര്യ: പുത്തൻപീടിക കൊച്ചുപ്ലാവ് നിൽക്കുന്നതിൽ മിനി ഗീവർഗീസ്.

മക്കൾ: യു.എസ്.ദീപ്തി, വിനു, സുനിത (ഇരുവരും കാനഡ). മരുമക്കൾ: യു.എസ്.പ്രശാന്ത്, യു.എസ്.ഷേബ.









**മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം (MGOCSM) സീനിയർ വൈസ് പ്രസിഡന്റായി അഡ്വ. ബാബുജി ഈശോയും അസ്സോസിയേറ്റ് സെക്രട്ടറിയായി ഉമ്മൻ ജോണും (ഇരുവരും മുൻ സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ) കേന്ദ്ര സ്റ്റുഡന്റ് വൈസ് പ്രസിഡണ്ടായി മിറിൻ മാത്യുവും കേന്ദ്ര സ്റ്റുഡന്റ് സെക്രട്ടറിയായി ഏബൽ തോമസ് ഡെന്നിയും തെരഞ്ഞെടുക്കപ്പെട്ടു.**

# "The Will to Rectify"



## (First Sunday after the Feast of Transfiguration)
## Matthew 21:28-32

**Fr. Geevarghese Thomas**

It was God's love which brought everything into existence. But the freewill prioritised by self-centredness overshadowed sin over love. Wherein, the sanguinity is in the intactness of God's love. God's love is intrinsically unchanging. This same love manifests through God's will in His creation. But when the will of God is subject to evil priorities by our freewill, God Himself devises the restoring economy, validating His ocean of mercies. The conflict between the good and evil is insubstantial. Because, God by nature supersedes time and space. Though, evil succeeded in holding God's image in death, the sovereign God Himself tasted death, demolishing it, and freeing God's image to be the witnesses of His unending love. The victory of Grace over disgrace has given us the door of repentance to dive in the ocean of mercies. The parable of two sons highlights the will to repent and fulfill the will of God.

**Reflections**

**1. The fallen creation corresponds in the response of the first son.**

"A man had two sons; he went to the first and said, Son, go and work in the vineyard today. He answered, 'I will not,' but later he changed his mind and went" (Matthew 21:28,29). The first son initially rejects the will of his father. He presumably have got his own business over the father's will. Just as in the beginning, the creation seeking self glory chose to disregard God's command; here too, the son opted out of his freewill to deny the father's will. Further, as every work derives some kind of result, the 'work in vineyard' connotes the willful submission and obedience, resulting in the joy of the Master. The Master's Joy reflects in His will fulfilled by our freedom of choice. Contrarily, the will of God neglected imparts a habit of hiding from the presence of God (Genesis 3:8).

Whereas, "the change of mind" or repentance of the first son, leading him to go and work in the vineyard, also corresponds the potential of restoration of the creation. What bridges us from a 'fallen state' to a 'restored state' is "the change of mind" confessing the unparalleled account of Love shedding its Blood to wash and regenerate us! Repentance is thus perfected from guilt to the sacramental participation in the Master's Joy. Repentance is what makes us worthy to regain the unblemished state of our glory. One of the profound prayers of St. James' Anaphora recited at the end of diptychs is thus- "...O Lord, direct the course of our lives and gather us at the feet of Thy elect ones, as when Thou will, and where Thou will, and as Thou will, only without shame by reason of our faults..." Repentance frees us from the shame of transgressions and regenerates in us the lost glory and the confident participation in the love of God. The parable calls us to embrace the door of repentance and become a Gospel of reinstated creation. As it highlights the tax collectors and the prostitutes entering the Kingdom of God through repentance.

**2. Repentance rectifies and coalesces the duality of wills.**

"For John came to you in the way of righteousness, and you did not believe him, but the tax collectors and the prostitutes believed him, and even after you saw it you did not change your minds and believe him" (Matthew 21:32). We see Jesus highlighting two kind of people in this verse. First, the tax collectors and prostitutes who accepted the way of righteousness through repentance. Others, whom Jesus addresses as 'you'. They must be the chief priests and the elders of the people. Both sinners and the latter present a contrasting category in the society. Today, we all are prone to be afflicted by a dual personality. One what we actually are and the other masking us for the societal fame and acceptance. So as to accept the way of righteousness, we must first rectify the 'anti will' of our false persona and coalesce with the will of God which transforms us from blemishes to relishable Glory.

The words we share, the vows we make, the Christian life we exemplify etc. , all must be in the rectified and coalesced will through repentance. The grace of repentance is surely the result of fulfilment of the 'work in the vineyard'. Our freedom of choice should glorify God's will and transform us from an arid life to the Eden of Glory.

**Conclusion**

In the Orthodox Iconography depicting the death of Mary the Mother of God, Jesus Christ is shown holding the child like soul of Mary in His arms. The child likeness highlights the perfect obedience, innocence and guilt free state of the creation in the beginning. Our Christian life is a reversal to regain our lost order. This is gifted to us through the grace of repentance. Repentance rectifies our freedom of choice to cherish the freedom of God's Image, through the unending will of God's love. May God bless us.

❑



**മലങ്കരസഭയുടെ യതിവര്യൻ അഞ്ചലച്ചന്റെ 181–ാം ഓർമ്മ പെരുന്നാൾ അഞ്ചൽ സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടന പള്ളിയിൽ ഡോ. തോമസ് മാർ ഈവാനിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷിച്ചു. ഫാ കോശി ജോൺ (വികാരി), ഫാ ജോൺ വർഗീസ് (സഹ വികാരി) എന്നിവർ സഹകാർമ്മികത്വം വഹിച്ചു. അഞ്ചലച്ചന്റെ ധ്യാന മുറിയിൽ ധൂപ പ്രാർത്ഥന നടത്തി.**

# പ്രകാശം പരത്തുന്ന ഫാ. മത്തായി വിലനിലം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ. പരുമല തിരുമേനിയുടെ കബറിടത്തിലേക്ക് എല്ലാ ആഴ്ചയും തീർത്ഥാടനമായി എത്തിയിരുന്ന പദയാത്രികനായിരുന്നു ഫാ. മത്തായി വിലനിലത്ത്.

എല്ലാ ബുധനാഴ്ചയും രാത്രി 12.30-ന് തഴക്കരയിലുള്ള വീട്ടിൽ നിന്നും പ്രാർത്ഥിച്ചിറങ്ങുന്ന ഫാ. മത്തായി വിലനിലത്ത് വെളുപ്പിന് മൂന്നരയോടെ പരുമലയിലെ കബറിങ്കൽ എത്തും. വെളുപ്പിന് അഞ്ചു മണി വരെ മൗനവ്രതത്തിൽ ധ്യാനിക്കും. പ്രാർത്ഥനാപൂർവ്വം ഏകാന്തപഥികനായി തഴക്കര നിന്നും മാവേലിക്കര വഴി പരുമല എത്തുന്ന ഈ പതിവ് പദയാത്ര 90-ാം വയസ്സിലും എല്ലാ ബുധനാഴ്ചയും നടത്തിയിരുന്നു.

*മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം* എന്ന ആഗ്രഹവും സമൂഹത്തിന് ആവശ്യമായ നന്മ പ്രവർത്തനങ്ങൾക്ക് കൃപ നൽകണമെന്ന പ്രാർത്ഥനയുമാണ് പദയാത്ര നടത്തുന്നതിന്റെ ലക്ഷ്യം എന്ന് ഫാ. മത്തായി വിലനിലത്ത് പറഞ്ഞിരുന്നു.

എന്തു പ്രതിസന്ധി വന്നാലും ഓടിയെത്തുന്നത് പരുമലയിലാണ്. എന്നാൽ പ്രതിസന്ധികളെ അതിജീവിച്ച് പരുമലയിൽ ധ്യാനിക്കണമെന്ന ദർശനമാണ് എല്ലാ ആഴ്ചയിലും പരുമലയിലേക്ക് നടക്കുവാൻ ഫാ. മത്തായി വിലനിലത്തിനെ പ്രേരിപ്പിച്ചത്.

ഓരോ യാത്രയിലും നിരവധി വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. ഒറ്റയ്ക്കാണ് യാത്ര. പാതിരാത്രി കഴിയുന്ന സമയത്ത്. പലപ്പോഴും മഴ, ഇരുട്ട്, ഇടി, മിന്നൽ, കാറ്റ്, എല്ലാം അതിജീവിച്ചാണ് പദയാത്ര തുടരുന്നത്. ചില സ്ഥലങ്ങളിൽ എത്തുമ്പോൾ അതിഭയങ്കരമായ ഭയം തോന്നിക്കും. മുന്നോട്ട് ഒരടി വെയ്ക്കുവാൻ പോലും ഭയപ്പെടും. അപ്പോഴെല്ലാം ക്രിസ്തീയ ഗാനങ്ങളും ആരാധനാഗീതങ്ങളും ചൊല്ലി യാത്ര തുടരും. ചിലപ്പോൾ ഉറക്കെ ക്രിസ്തീയ ഗാനങ്ങൾ പാടുകയും ചെയ്യും. ഇതെല്ലാം തരണം ചെയ്ത് പരുമലയിൽ എത്തുമ്പോൾ ലഭിക്കുന്ന ആത്മീയ ഊർജ്ജവും അനുഗ്രഹവും അവാച്യമത്രേ.

1984 ഒക്ടോബർ 31-നാണ് പദയാത്ര ആരംഭിച്ചത്. തന്റെ വ്യക്തിപരമായ ആവശ്യത്തിനല്ല പദയാത്ര. സഭ-സമൂഹം-വ്യക്തി എന്നിവയുടെ നവോത്ഥാനത്തിനും പുതുക്കത്തിനും വേണ്ടിയാണെന്ന് ഫാ. മത്തായി വിലനിലത്ത് പറഞ്ഞിരുന്നു.

പൗരോഹിത്യ പാരമ്പര്യമുള്ള മാവേലിക്കര വിലനിലം കുടുംബത്തിൽ വിലനിലത്ത് മത്തായി കത്തനാരുടെയും സാറാമ്മയുടെയും മകനായി 1930 മാർച്ച് 29-ന് ഫാ. മത്തായി ജനിച്ചു. തഴക്കര എം. എസ്. സെമിനാരി സ്കൂൾ, മാവേലിക്കര ബി. എച്ച്. ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു. ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും പാരാ മെഡിക്കൽ ലാബിൽ ഡിപ്ലോമാ കരസ്ഥമാക്കി. തുടർന്ന് സൗദി അറേബ്യയിൽ ആരാംകോ കമ്പനിയിൽ 17 വർഷം ഉദ്യോഗസ്ഥനായിരുന്നു. 1977-ൽ മാവേലിക്കരയിൽ തിരിച്ചെത്തി. 1974 ജൂലൈ 3-ന് പരുമല പള്ളിയിൽ വച്ച് പ. ഔഗേൻ ബാവായിൽ നിന്നും ശെമ്മാശപ്പട്ടം സ്വീകരിച്ചു. 1978 ഒക്ടോബർ 8-ന് പുതിയകാവ് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് പ. ബസേലിയോസ് മാർത്തോമ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായിൽ നിന്നും വൈദികപട്ടവും സ്വീകരിച്ചു.

അറുനൂറ്റിമംഗലം സെന്റ് കുര്യാക്കോസ്, ചുനക്കര മാർ ബസേലിയോസ് ഗ്രിഗോറിയോസ്, നൂറനാട് ലെപ്രസി ചാപ്പൽ, വെട്ടിയാർ സെന്റ് മേരീസ്, തോനയ്ക്കാട് സെന്റ് ജോർജ്, കാരായ്മ സെന്റ് മേരീസ്, പത്തിച്ചിറ സെന്റ് ജോൺസ്, പുന്നമൂട് സെന്റ് ഗ്രിഗോറിയോസ്, കല്ലുമല ഐ.ടി.സി ചാപ്പൽ എന്നീ ദേവാലയങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ചു.

അഖില മലങ്കര ബാലസമാജം വൈസ് പ്രസിഡന്റ്, അഖില കേരള ബാലജനസംഖ്യം രക്ഷാധികാരി, മാവേലിക്കര യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് ചെയർമാൻ, വൈ.എം.സി.എ പ്രസിഡന്റ്, അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി ചെയർമാൻ, ഗവ. എഞ്ചിനീയറിംഗ് കോളേജ് സ്പോൺസറിംഗ് സൊസൈറ്റി ചെയർമാൻ, ക്രിസ്ത്യൻ കൾച്ചറൽ ഫോറം ഡയറക്ടർ, സാംസ്കാരിക വകുപ്പ് എ. ആർ. രാജരാജവർമ്മ സ്മാരക ഭരണസമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.


മാവേലിക്കര ഭദ്രാസനത്തിന്റെയും ഓർത്തഡോക്സ് കൺവൻഷന്റെയും ശില്പി. മാവേലിക്കര എഞ്ചിനീയറിംഗ് കോളേജിനായി കോടികൾ വിലമതിക്കുന്ന വസ്തുക്കൾ സർക്കാരിനായി സൗജന്യമായി നൽകി. വിവിധ ജീവകാരുണ്യ പദ്ധതികൾക്കായി 2012 ജനുവരി 9-ന് ഫാ. വി. എം. മത്തായി വിലനിലത്ത് ഫൗണ്ടേഷന് രൂപം നൽകി. അർഹരായ പൊതുജനങ്ങളെ സഹായിക്കാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് ഫൗണ്ടേഷന് പണം നിക്ഷേപിച്ചിരിക്കുന്നത്.

പൂർവ്വപിതാക്കന്മാരുടെ കാലം മുതൽക്കുതന്നെ സമീപത്തുള്ള മാവേലിക്കര ഗവ. ആശുപത്രിയിലെ രോഗികൾക്കും, ആശ്രിതർക്കും അന്നം നൽകിയിരുന്നത് വിലനിലത്ത് തറവാടായിരുന്നു.

തഴക്കര പൊന്നിഴ ഉമ്മന്റെ മകൾ ലില്ലിക്കുട്ടിയാണ് സഹധർമ്മിണി. 2011 ഫെബ്രുവരി 14-ന് നിര്യാതയായി. മലയാള മനോരമ *അഖില കേരള ബാലജന സഖ്യം കൊച്ചന്നാമ്മ മത്തായി വിലനിലം* എന്ന പേരിൽ അഖില കേരള അടിസ്ഥാനത്തിൽ ക്വിസ് മത്സരം നടത്തുന്നുണ്ട്.



## ഫാ. മത്തായി വിലനിലത്ത് അന്തരിച്ചു



മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികൻ ഫാ. വി. എം. മത്തായി വിലനിലം അന്തരിച്ചു.

അവിഭക്ത കൊല്ലം ഭദ്രാസനത്തിന്റെ ഭദ്രാസന സെക്രട്ടറിയായി ദീർഘകാലവും മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ ഭദ്രാസന സെക്രട്ടറിയായും സഭാ മാനേജിംഗ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. മാവേലിക്കര ഭദ്രാസന രൂപീകരണത്തിനും വളർച്ചയ്ക്കും പ്രധാന പങ്ക് വഹിച്ചു.

ശവസംസ്കാര ശുശ്രുഷ ഓഗസ്റ്റ് 16-നു പതിനൊന്നു മണിക്ക് പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടക്കും. പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്തം വഹിക്കും.

# ആത്മീയതയുടെയും കാരുണ്യത്തിന്റെയും വിളനിലമായ വിലനിലത്തു അച്ചന് വിട

**പോൾ ജോർജ് പൂവത്തേരിൽ**

മാവേലിക്കരയുടെ ആത്മീയ ചൈതന്യമായ വിലനിലത്തു അച്ചൻ വിട പറഞ്ഞു. ഏതാണ്ട് അവസാന നാൾ വരെയും വലിയ ആരോഗ്യ പ്രശ്നങ്ങളില്ലാതെ കഴിഞ്ഞു എന്നുള്ളത് ഒരു ദൈവിക അനുഗ്രഹമാണ്. കുലീനമായ വിലനിലത്തു കുടുംബത്തിൽ ഒരു വൈദികന്റെ മകനായി ജനിച്ചു വളർന്ന അച്ചൻ ദീർഘകാലം സൗദി അറേബ്യായിൽ ആരെൻകോ കമ്പനിയിൽ ജോലി ചെയ്തശേഷം മടങ്ങി വന്നാണ് വൈദിക വൃത്തി സ്വീകരിക്കുന്നത്. കൊച്ചമ്മയും അവിടെ ജോലി ആയിരുന്നു.



ചെറുപ്പം മുതലേ അച്ചനെ കാണാറുണ്ടെങ്കിലും ബിഷപ്പ് മൂർ കോളജ് യൂണിയൻ ചെയർമാനായ കാലത്താണ് അച്ചനോട് കൂടുതൽ അടുത്ത് പ്രവർത്തിക്കാൻ കഴിഞ്ഞത്. അഖില കേരള ബാലജന സഖ്യത്തിനു അച്ചൻ നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. സഖ്യം എല്ലാ വർഷവും നടത്തുന്ന പി സി അലക്സാണ്ടർ എൻഡോവ്മെന്റ് പ്രസംഗ മത്സരത്തിന്റെ സംഘാടകനും ആതിഥേയനും അച്ചൻ തന്നെ ആയിരുന്നു. പൗരാണികമായ ആ തറവാട്ടിൽ വരാത്ത വിഐപികൾ വളരെ ചുരുക്കം.

ഞങ്ങളുടെ ചെറുപ്പകാലത്തു ചെറിയ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നത് അച്ചന്റെ വീട്ടിൽ തന്നെ ആയിരുന്നു. എല്ലാത്തിനും കട്ട സപ്പോർട്ടായി കൊച്ചമ്മയും ഉണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കളോട് പ്രത്യകിച്ചും രമേശ് ചെന്നിത്തല, എം മുരളി എന്നിവരോട് അച്ചന് നല്ല ബന്ധവും ഉപദേശിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. മാവേലിക്കര ഐഎച്ച്ആർഡി എഞ്ചിനീയറിംഗ് കോളജ് അച്ചന്റെ വലിയ സ്വപ്നമായിരുന്നു. കോളജിന്റെ നടത്തിപ്പിന് പണം കണ്ടെത്താൻ അച്ചനും സംഘവും യുഎഇ, ഒമാൻ സന്ദർശിച്ചതും ഇപ്പോൾ ഓർക്കുന്നു.

ഈ അടുത്ത സമയം വരെയും ആഴ്ചയിൽ ഒരിക്കൽ (ചിലപ്പോൾ രണ്ടു തവണ) അർധ രാത്രി സമയം തഴക്കരയിൽ നിന്നു പരുമല വരെ നടന്നു പോയി രാവിലത്തെ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു മടങ്ങിവരുമായിരുന്നു.

പ. മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുമായി വളരെ ഊഷ്മളമായ ബന്ധമായിരുന്നു അച്ചന്. പല തവണ അച്ചന്റെ വീട്ടിൽ വച്ച് തിരുമേനിയെ കാണാൻ കഴിഞ്ഞിട്ടുണ്ട്.

ഓർത്തഡോക്സ് സഭക്ക് മാവേലിക്കര ഭദ്രാസനം അച്ചന്റെ സ്വപ്നമായിരുന്നു. അതിനുവേണ്ടി ഒത്തിരി അധ്വാനിച്ചു യാഥാർഥ്യമാക്കി. പ്രഥമ ഭദ്രാസന സെക്രട്ടറിയുമായി. സഭയുടെ വൈദിക ട്രസ്റ്റി ആകുക എന്നത് അച്ചന്റെ വലിയ ആഗ്രഹമായിരുന്നു എന്നാൽ നൂറനാൽ അച്ചനോട് മത്സരിച്ചു പരാജയപ്പെട്ടു.

പലപ്പോഴും പല കാര്യങ്ങൾക്കും ക്ഷണിക്കുമ്പോൾ അച്ചൻ കൃത്യമായി വരുമായിരുന്നു. ഡയറിയിൽ ഒന്നും കുറിക്കുന്നത് കണ്ടിട്ടില്ലെങ്കിലും അച്ചൻ കൃത്യ സമയത്തു അവിടെ എത്തുമായിരുന്നു.. എന്തു കാര്യത്തിന് അച്ചൻ വന്നാലും അച്ചൻ ഒരു ഡിമാൻഡ് പറയും. അത് ഏതെങ്കിലും പാവപ്പെട്ടവരെ സഹായിക്കാനായിരിക്കും. അങ്ങനെ അച്ചന്റെ സഹായം കിട്ടിയവർ നിരവധിയാണ്.

വന്ദ്യ ആചാര്യാ, സമാധാനത്തോടെ പോകുക.




# തിരുവനന്തപുരം ഭദ്രാസനം കാതോലിക്കാ ദിന ധനശേഖരണ യോഗം

ഇടമുളക്കൽ: 2023-ലെ കാതോലിക്ക ദിന ധനശേഖരണം 2023 ആഗസ്റ്റ് 8 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഭദ്രാസന ഉപകേന്ദ്രമായ ഇടമുളക്കൽ വി. എം.ഡി.എം. സെന്ററിൽ വച്ചു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ ഉത്ഘാടനം നിർവഹിച്ചു. സഭയുടെ ഫിനാൻസ് കമ്മിറ്റി ചെയർമാൻ യൂഹാനോൻ മാർ പോളികാർപോസ് മെത്രാപ്പോലീത്താ, തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ എന്നിവർ പ്രസംഗിച്ചു. ഭദ്രാസന സെക്രട്ടറി. ഫാ. ഗീവർഗീസ് കണിയാന്ത്ര സ്വാഗതം ആശംസിച്ചു.

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മലങ്കരസഭയുടെ അരുമ സന്താനവുമായ ഉമ്മൻ ചാണ്ടി സാറിന്റെ ഓർമയിൽ പ്രാർത്ഥന നടത്തി യോഗം ആരംഭിച്ചു


സഭയുടെ സ്വത്വവും, സ്വാതന്ത്ര്യവും മാർത്തോമാ ശ്ലീഹായുടെ പൈതൃകത്തിലുള്ള അഭിമാനവും, ഐക്യദാർഢ്യവും മലങ്കര മക്കൾ ആവർത്തിച്ചു പ്രഖ്യാപിക്കുന്നതാണ് കാതോലിക്കാ ദിനാഘോഷം എന്ന് തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പറഞ്ഞു.

തിരുവനന്തപുരം ഭദ്രാസനം സഭാദിന നിധി നൂറു ശതമാനം പൂർത്തീകരിച്ചു നൽകുന്ന പാരമ്പര്യം ഈ വർഷവും ടാർഗറ്റ് അധീകരിച്ചു നല്കിയ ഭദ്രാസന മെത്രാപ്പോലീത്തായെയും വൈദികരെയും, ഇടവക ഭരണ സമിതികളെയും പ. ബാവാ അനുമോദിച്ചു. വരുന്ന 30 വർഷം മുന്നിൽ കണ്ടുകൊണ്ട് മലങ്കരസഭയ്ക്ക് പൊതുവായ വീക്ഷണവും, ആരാധന സംവിധാനങ്ങളും, വേദശാസ്ത്രവും, സിറിയൻ ഓർത്തോഡോക്സ് പാരമ്പര്യവും ( vision 2052) വീക്ഷണത്തോടുകൂടി മുന്നേറുവാനുള്ള സഭയുടെ ദർശനം നടപ്പിലാകുവാൻ ഏവരും പ്രാർത്ഥിക്കണമെന്ന് പ. ബാവാ ആഹ്വാനം ചെയ്തു.

സാമൂഹ്യ വിപത്തുകൾക്കെതിരെ നല്ല ബോധവൽക്കരണം ശ്രദ്ധയോടുകൂടി ചെയ്യുവാൻ ഏവരും ശ്രദ്ധിക്കണമെന്നും പ. ബാവാ ഓർമ്മിപ്പിച്ചു.

കാതോലിക്ക നിധി ടാർഗറ്റിൽ കവിഞ്ഞു നല്കിയ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പൊലീത്തായെയും, ഭദ്രാസനത്തെയും യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ അനുമോദിച്ചു.

സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവരും പ്രസംഗിച്ചു.



**മുട്ടം മാവോലിൽ കിഴക്കതിൽ ജോമിറ്റ് ടി. മാത്യുവിന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് കെമിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു. ചേപ്പാട് വലിയ പള്ളി ഇടവകാംഗമാണ്.**



നിരണം ഭദ്രാസനം സൺഡേസ്കൂൾ പ്രഥമാധ്യാപക സംഗമം കല്ലൂപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു.



മർത്തമറിയം വനിതാസമാജം അങ്കമാലി ഭദ്രാസന ഏകദിന സമ്മേളനം ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ യൂഹാനോൻ മാർ പോളിക്കാർപോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.




തിരുവനന്തപുരം ഭദ്രാസനത്തിന്റെ 36-ാമത് തിരുവനന്തപുരം ഓർത്തഡോക്സ് കൺവെൻഷൻ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.



## ഡോ. വർഗീസ് പേരയിലിന് കെ. എം. മാണി 'സാഹിത്യ രത്ന' പുരസ്കാരം

ഡബ്ലിൻ: കേരള പ്രവാസി കോൺഗ്രസ് (എം) അയർലണ്ട് ഏർപ്പെടുത്തിയ കെ. എം. മാണി സാഹിത്യ രത്ന പുരസ്കാരത്തിന് ഡോ. വർഗീസ് പേരയിൽ അർഹനായി. സാഹിത്യ, സാംസ്കാരിക, വിദ്യാഭ്യാസ രംഗത്തെ മികച്ച സംഭാവനകൾക്കാണ് 25000 രൂപയും, മെമെന്റോയും അടങ്ങുന്ന പുരസ്കാരം.

അടൂർ സെന്റ് സിറിൽസ് കോളജ് പ്രിൻസിപ്പലായും മുൻ കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. കേരള കോൺഗ്രസ് എം സംസ്ഥാന സ്റ്റീയറിങ് കമ്മിറ്റി അംഗവും സംസ്കാരവേദി സംസ്ഥാന പ്രസിഡണ്ടുമാണ്. മലങ്കരസഭാ മുൻ മാനേജിംഗ് കമ്മിറ്റിയംഗമാണ്.

സെപ്റ്റംബർ 3-ന് അയർലണ്ടിലെ ഡബ്ലിനിൽ ചേരുന്ന സമ്മേളനത്തിൽ, മുൻ അയർലണ്ട് പാർലമെന്റ് അംഗവും, സൗത്ത് ഡബ്ലിൻ ഡെപ്യൂട്ടി മേയറുമായ ജോന റ്റഫി പുരസ്കാരം നൽകും.



## കെ. എം. മാത്യു കോറെപ്പിസ്ക്കോപ്പായുടെ പൗരോഹിത്യ കനക ജൂബിലി ആഘോഷം

കുറിച്ചി: കോട്ടയം ഭദ്രാസനത്തിലെ സീനിയർ വൈദികൻ കുളക്കാട്ടുശ്ശേരിൽ കെ. എം മാത്യു കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ കനക ജൂബിലി ആഘോഷം കുറിച്ചി സെന്റ്. പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളിയുടെയും, കുറിച്ചി സെന്റ് മേരീസ് ആൻഡ് സെന്റ് ജോൺസ് ഓർത്തഡോക്സ് ചെറിയപള്ളിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 13 ഞായർ രാവിലെ 10.30-നു കുറിച്ചി വലിയ പള്ളിയിൽ വച്ച് നടക്കും. രാവിലെ 8.00-ന് യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് വിശുദ്ധ കുർബ്ബാന അർപ്പിക്കും. തുടർന്ന് നടക്കുന്ന സമ്മേളനം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽഎ., അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. റ്റി. ജെ. ജോഷ്വ, ഫാ. ഡോ. കെ. എം. ജോർജ്, ഫാ. കെ. എം. സഖറിയ എന്നിവർ പ്രസംഗിക്കും. ഫാ. കുറിയാക്കോസ് ഏലിയാസ് വടക്കേൽ, ഫാ. സഖറിയ ജോർജ് എന്നിവർ നേതൃത്വം നൽകും.



**എംജി സർവകലാശാലയിൽ നിന്നും ഫിസിക്സിൽ ജേക്കബ് ജോർജിന് ഡോക്ടറേറ്റ് ലഭിച്ചു. അടൂർ പറന്തൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും ഇടവക മാനേജിംഗ് കമ്മറ്റി അംഗവും, സഭ അസോസിയേഷൻ മെമ്പറും, മുൻ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുമാണ്. കോട്ടയം ഗവണ്മെന്റ് കോളജ് ഫിസിക്സ് വിഭാഗം റിട്ട. അസ്സോസിയേറ്റ് പ്രൊഫസറാണ്.**



**പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി പോൾ രാജൻ ചുമതലയേറ്റു. ഉളനാട് സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി ഇടവക അംഗം ആണ്.**